ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം



# ഉറവ

ഗവ. എച്ച്.എസ്., മുടപ്പല്ലൂർ

2018-19

# മുടപ്പല്ലൂർ സർക്കാർ വിദ്യാലയം



## ഞങ്ങളുടെ ഹെഡ്മാസ്റ്റർ



**ശ്രീ. മാത്യൂ. പി. കെ**


ശതകോടി ഭാസ്കരദീപ്തിദീപ്തമാം
ഗഗനംപോലെ മാനസം
തെളിഞ്ഞ് നിലകൊള്ളണേ
ബാലചന്ദ്രൻ ചുള്ളിക്കാട്

# ഉറവയുടെ വഴിരേഖകൾ


1. സമർപ്പണം..........5
2. പത്രാധിപസമിതി..........6
3. മുഖമൊഴി..........7
4. വിദ്യാലയപത്രിക..........8
5. ജലപർവം..........11
6. പ്രളയം..........12
7. പ്രകൃതിക്കുമുണ്ടൊരു കഥ പറയാൻ..........13
8. മൗനമാണ്..........14
9. കലാലയ ചിത്രങ്ങൾ..........15
10. നിലാവ്..........17
11. അക്ഷരത്തെ ആകാശം തൊടീച്ചവർ..........18
12. .പ്രളയപാഠങ്ങൾ..........20
13. ആൽകെമിസ്റ്റ്..........21
14. അനുഭവപാഠം..........23
15. സന്ദേശം..........24
16. .2018-ധാന്യവർഷം..........25
17. പ്രളയം പഠിപ്പിച്ചത്..........26
18. ഇന്നത്തെ കഠിനാധ്വാനം..........27
19. അച്ഛൻ എന്ന സത്യം..........28
20. തനിച്ചാണ്...യാത്രയാണ്..........29
21. അനുഭവം ഗുരു..........30
22. ഭൂമീകോപം..........31
23. നിറമുള്ള നൻമകൾ..........32
24. എൻെറ വിദ്യാലയം..........33
25. എണ്ണപ്പെട്ട ദിനങ്ങൾ..........34

**26.** മധുരംഗായതി..............................................................35
**27.** കാഴ്ച്ചപ്പാട്................................................................36
**28.** ദൈവത്തിൻെറ സ്വന്തംനാട്.............................................37
**29.** .ഒരേകാന്ത മൗനം...................................................38
**30.** കൃഷി.....................................................................39
**31.** മൗനം.....................................................................40
**32.** ഏകാന്തത...............................................................41
**33.** ദിയയുടെ സന്തോഷം..................................................42
**34.** രാപകൽ..................................................................43
**35.** ഏകയാണ്................................................................44
**36.** കാലത്തിൻെറ കറക്കം..................................................45
**37.** പ്രളയം പഠിപ്പിച്ചത്....................................................46
**38.** രാത്രിശോഭ...............................................................47
**39.** എൻെറ അമ്മ.............................................................48
**40.** ഗുരുശിഷ്യബന്ധം......................................................49
**41.** സ്നേഹമാണ് നീ..........................................................50
**42.** ഫിഫ്ത്ത് മൗണ്ടൻ......................................................54
**45.** അമ്മമലയാളം...........................................................55
**46.** കൊതിയ്ക്കുന്ന അമ്മയ്ക്കായ്................................................56
**47.** അച്ഛൻെറ സമ്മാനം....................................................57
**48.** പ്രകൃതി മനോഹരി......................................................58
**49.** വസന്തസ്വപ്നങ്ങൾ.....................................................59
**50.** ഒരു ബ്ളാക്ക്& വൈറ്റ്ചിത്രം..........................................60
**51.** വിരാമം...................................................................61

# സമർപ്പണം



ആസിഫ.....മകളേ...! മാപ്പ്....!
ആദ്യത്തേതല്ല നീ; അവസാനത്തേതും.
മനുഷ്യന്റെ മൃഗീയകാമം
നുള്ളിയെറിയുന്ന പെൺകുഞ്ഞുങ്ങൾ
കാലത്തിന്റെ നീതിബോധത്തിന്
നേരെയുള്ള ചൂണ്ടുവിരലാണ്.
പേവാസനകൾ രക്തത്തിലലിഞ്ഞ
നരഭുക്കുകളുടെ പരുന്തിൻ കാലിൽ നിന്ന്
നമ്മുടെ കുഞ്ഞുങ്ങളെ
ചിറകിനുള്ളിലൊതുക്കി
കാക്കേണ്ടതുണ്ട്.എട്ടാം വയസ്സിൽ
ചീന്തിയെറി യപ്പെട്ട ആസിഫ
ഒരോർമപ്പെടുത്തലാണ്.ചിന്തയിൽ
ജ്വലിക്കുന്ന സൂര്യനേത്രവുമായി നമ്മുടെ
കുഞ്ഞുങ്ങൾക്ക് നാം കാവലുണ്ടാവണം.
ഇളം സ്വപ്നങ്ങൾ കരിയാതെ വഴിയും
വഴവിളക്കുമായി കൂട്ട് നടക്കണം.......
കരുതലിന്റെ വിരൽത്തുമ്പ് കൊണ്ട്
പുതിയ സ്നേഹപാഠങ്ങൾ ഈ നാടിന്റെ
ഹൃദയത്തിലെഴുതണം

# പത്രാധിപസമിതി


മുഖ്യ പത്രാധിപർ
മാത്യൂ പി.കെ


പത്രാധിപർ
രാജേഷ്.കെ.ആർ


വിദ്യാർഥി പത്രാധിപർ
സുജന .കെ


സീനിയർ അസിസ്റ്റൻറ്
അരുണ. സി.വി


സ്റ്റാഫ് സെക്രട്ടറി
അൻവർഷാ ബാബു


സ്കൂൾ ലീഡർ
രമ .ആർ

# പത്രാധിപസമിതി അംഗങ്ങൾ


രജനി. പി


സിന്ധു.ഇ.ബി


സൽമ.ടി


സരിത. കെ. ബി


ഷൈനി.കെ. എൽ


മണി.എം.കെ


മർഫ.എം


അനിത. എൻ


ജാസിയ. എസ്


കീർത്തി. കെ


ആതിര. എ


രോഹിത്ത്.എസ്



# മുഖമൊഴി

നൻമയിൽ സ്നേഹമെഴുതി നീട്ടിയ വിരൽത്തുമ്പ്
കൊണ്ട് പ്രളയത്തെ അതിജീവിച്ചനാടാണിത്.
ദൈവം മനുഷ്യരൂപത്തിൽ മണ്ണിലിറങ്ങുകയും
സമത്വത്തിന്റെ പുതിയ പാഠങ്ങളിലൂടെ നാം
നടക്കാൻ ശീലിക്കുകയുംചെയ്തു.
ദൈവത്തോണികൾ മങ്ങിയെരിയുന്ന
മാനവികതയ്ക്ക് ചുറ്റും പ്രതീക്ഷയുടെ
ഒരു വൃത്തം വരച്ചിട്ടുണ്ട്.
അതിൽ മനുഷ്യഹൃദയങ്ങളിലേയ്ക്ക് നൻമയുടെ
കർപ്പൂരഗന്ധമുള്ളവഴികൾ തെളിഞ്ഞുകിടപ്പുണ്ട്.
ഈ പ്രത്യാശയിലൂടെ സ്നേഹത്തിന്റെ
ഊന്നുവടികൊണ്ട് നാം
സഞ്ചരിക്കേണ്ടിയിരിക്കുന്നു.
മാനവികതയുടെ കൈത്തിരി ഊതിതെളിഞ്ഞ്
അമരജ്യോതിസ്സാവട്ടെ........
അതിനായി സ്നേഹച്ചരടിൽ സുമനസ്സുകളെ
കോർത്ത് നമുക്കൊരുമിച്ച് നടക്കാം..

എഡിറ്റർ
രാജേഷ് കെ. ആർ



അധ്യാപനജീവിതത്തിൽ
നിന്ന് ഈ വർഷം വിരമിക്കുന്ന
ശ്രീമതി കോമളകുമാരി ടീച്ചർ

**കോമളകുമാരി. പി.കെ**
{ഹിന്ദി }



**രജനി. പി**
**കൈറ്റ് മിസ്ട്രസ്**



**മണി.എം.കെ**
**കൈറ്റ് മിസ്ട്രസ്**



**ബ്രിജേഷ്. ആർ**
**വിജയശ്രീ കോ ഓർഡിനേറ്റർ**



**ഷീന.കെ.കെ**
S.I.T.C



**ഷിജി.കെ.എസ്**
**ജോയിൻറ് S.I.T.C**



**ശോഭ. കെ.എസ്**
**സ്കൗട്ട് മാസ്റ്റർ**



**നസ്രത്ത്.ഒ.എം**
**ഗൈഡ് ക്യാപ്റ്റൻ**



**രാജേഷ്.കെ.ആർ**
**ലൈബ്രേറിയൻ**

# മുടപ്പല്ലൂർ സ്കൂൾ സ്റ്റാഫ്.-2018-19





# വിദ്യാലയ പത്രിക



വിദ്യാർഥി പത്രാധിപർ
സുജന.കെ

കേവലനാമത്തിനപ്പുറം സാംസ്കാരികചിത്രങ്ങൾ ചിതറികിടക്കുന്ന ഭൂമികയാണ് മുടപ്പല്ലൂർ. ജാതി-മതവിശ്വാസങ്ങൾക്ക് മീതെ ഒരുമയിൽ നടക്കാൻ ശീലിച്ച നാടാണിത്.നഗരഭൂപടത്തിനരികെ ഗ്രാമചിത്രങ്ങളിൽ സമ്പന്നമായ ഈ നാട് കാർഷിക പെരുമയോടൊപ്പം ജീവിതശുദ്ധിയേയും അടയാളപ്പെടുത്തുന്നുണ്ട്.

## നടന്നുതീർത്ത വഴികളിലൂടെ

മുടപ്പല്ലൂരിന്റെ സാംസ്കാരിക ചിഹ്നങ്ങളിലൊന്നാണ് .1900-ത്തിൽ പ്രാഥമിക വിദ്യാലയമായി ആരംഭിച്ച മുടപ്പല്ലൂർ സർക്കാർ വിദ്യാലയം.1924-ൽ എൽ.പി സ്കൂളായും 1982-ൽ യു.പി.സ്കൂളായും ഈ വിദ്യാലയം ഉയർത്തപ്പെട്ടു. . 2011-ൽ ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂൾ എന്ന സ്വപ്നതീരത്തിലേക്ക് നാം എത്തിച്ചേർന്നു.

ഒരു നൂറ്റാണ്ടിനപ്പുറം നീണ്ട പാരമ്പര്യത്തിന്റെ കരുത്തുണ്ട് നമ്മുടെ വിദ്യാലയത്തിന്. തലമുറകൾക്ക് അറിവായി, വെളിച്ചമായി വഴിനടത്തിയ ഈ സരസ്വതിക്ഷേത്രത്തിന്റെ അങ്കണത്തിൽ, പിൻകാലത്തിൻെറ കഥകളേറ്റുവാങ്ങിയ നെല്ലിമരച്ചുവട്ടിൽ നില്ക്കുമ്പോൾ തൊട്ടുതലോടുന്നകാറ്റ് പോലും ഗൃഹാതുരമായി തോന്നും, അത്രമേൽ സുന്ദരമാണിവിടം.

## 2018- സ്കൂൾ തുറന്നപ്പോൾ



ജൂൺ ഒന്നാം തീയതി പ്രവേശനോത്സവത്തോടെ ഈ അധ്യയനവർഷം ആരംഭിച്ചു. പുതിയ ഹെഡ്മാസ്റ്ററായി ശ്രീ.പി.കെ. മാത്യൂചുമതലയേറ്റു.എൽ.കെ.ജി.മുതൽ ഹൈസ്കൂൾ വരെ 603 കുട്ടികൾപഠിക്കുന്നു.ഹൈസ്കൂൾ ക്ലാസുകൾ മുഴുവൻ ഹൈടെക് ആക്കിയിട്ടുണ്ട്.മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി ജയകലടീച്ചറുടെ പ്രയത്നഫലമായി നഷ്ടമായ കൈറ്റ് യൂണിറ്റ് തിരിച്ചെത്തിയിട്ടുണ്ട്.

## മികവുകൾ, പുസ്തകത്താളിനപ്പുറം

ജില്ലാ ശാസ്ത്രമേളയിൽ ഹൈസ്കൂൾ വിഭാഗത്തിലെ സുജന, രമ, രോഹിത്ത് എന്നിവർ പങ്കെടുത്തു.വിദ്യാരംഗം കലാസാഹിത്യവേദിയുടെ ചിത്രരചനാ മത്സരത്തിൽരോഹിത്ത് ജില്ലാതലത്തിലേക്ക് യോഗ്യത നേടി. ഒക്ടോബറിൽ *നടന്ന സ്കൂൾ കലോത്സവത്തിലും കായികമത്സരത്തിലും കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെച്ചു. നവംബർ 30-ന് ജിയോ എക്സ്പോ എന്ന പേരിൽ ഗണിത ക്ലബ്ബ് നടത്തിയ മാത്സ് എക്സ്പോ ഗംഭീര അവതരണങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. കുട്ടികളുടെ അഭിരുചികളുടെയും നിപുണതയുടേയും തെളിവായിരുന്ന പ്രവൃത്തിപരിചയമേള. ആഗസ്റ്റ്- 4ന് സ്കൂളിൽ വച്ച് കൈറ്റ്-ൻെറ ക്യാമ്പ്*



നടത്തി. തുടർന്ന് നാല് കുട്ടികളെ സബ്ജില്ല ക്യാമ്പിൽ പങ്കെടുപ്പിച്ചു.

ജൂലൈയിൽ ഏഴാം ക്ലാസ്സിലെകുട്ടികൾക്കായി തൃശ്ശൂർ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലേക്ക് ഒരു ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു. യു.പി.കുട്ടികൾക്കായി നടത്തിയ എട്ട് ദിവസത്തെ ഹലോ ഇംഗ്ലീഷ് എന്നപരിശീലന പരിപാടി മികച്ച നിലവാരം പുലർത്തി. ഏഴാം ക്ലാസ്സിലെ കുട്ടികൾക്കായി യു.എസ്.എസ് എന്നപേരിലും നാലാം ക്ലാസ്സിലെ കുട്ടികൾക്കായി എൽ. എസ്.എസ് എന്ന പേരിലും നടത്തിയ പരിശീലന പരിപാടി വിജയമായിരുന്നു. യു.പി.വിഭാഗം ബഷീർദിന ത്തിൽ ബഷീർ കൃതികളുടെ പുസ്തകപ്രദർശനം നടത്തി. 5, 6 ക്ലാസുകളിലെ ഗദ്യ പാഠഭാഗങ്ങൾ നാടകങ്ങളായി മാറ്റി നാടകക്കളരി അവതരിപ്പിച്ചു. യു.പി.-ഹൈസ്കൂൾ തലങ്ങളിൽ രണ്ട് ഘട്ടങ്ങളായി നടത്തിയ മലയാളത്തിളക്കം വൻ വിജയമായിരുന്നു. മലയാളത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഭാഷാ നൈപുണിയിലേക്ക് കൈപിടിച്ചുയർത്താൻ ഈ പരിശീലനപരിപാടി സഹായിച്ചു. കൂടാതെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസുകളും നൽകി വരുന്നു.





## ദിനാചരണങ്ങൾ

ജൂൺ 5പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് വിമുക്തസന്ദേശം നല്കി മരത്തൈകളുടെ വിതരണം നടത്തുകയും ചെയ്തു. ജൂൺ 19 വായനാദിനത്തിന്റെ ഭാഗമായി വായനവാര കാലയളവിൽ ക്വിസ്, രചനാമത്സരങ്ങൾ എന്നിവ നടത്തി. കൂടാതെ 'ടീച്ചർക്കൊരു കത്ത് 'എന്ന പേരിൽ ഒരു പരിപാടി സംഘടിപ്പിച്ചു. ഇതി ൽ ഇഷ്ടപ്പെട്ട ടീച്ചർക്ക് ഇൻലെന്റിൽ കത്തെഴുതി അയക്കാനുള്ള അവസരം കുട്ടികൾക്ക് നൽകി. നവംബർ 5അധ്യാപക ദിനം ആചരിച്ചു. നവംബർ 1കേരളപ്പിറവി ദിനവും ഫെബ്രുവരി 28 ശാസ്ത്രദിനവും ആചരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ആഗസ്റ്റ് 6, 9തീയതികളിൽ ഹിരോഷിമ, നാഗസാക്കി ദിനങ്ങൾ ആചരിച്ച് യുദ്ധവിരുദ്ധ പ്രതിജ്ഞയെടുത്തു.



## ക്ളബ്ബുകൾ

നിരവധി ക്ലബ്ബുകളുടെ സജീവ പങ്കാളിത്തമാണ് ഈ വിദ്യാലയത്തിലുള്ളത്. ഹെൽത്ത് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഗണിത ക്ളബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്,ഹിന്ദി ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്,വിദ്യാരംഗം കലാസാഹിത്യ വേദി, ലഹരിവിരുദ്ധ ക്ലബ്ബ്,ഇവയെല്ലാം സജീവമാണ്, കുട്ടികളുടെ മികവുകളെ പ്രോത്സാഹിപ്പിക്കുന്നവയാണ്.

# ആരോഗ്യവും അവബോധവും

ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആയുർവേദ ഡോക്ടർ ശ്രീമതി സ്മിതരക്ഷ കർത്താകൾക്കായി ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും ചിക്കൻപോക്സ് നിവാരണത്തിനായി കുട്ടികൾക്ക് ഹോമിയോ ഗുളികകൾ നൽകുകയും ചെയ്തു. കുട്ടികളെ മാനസികമായി സജ്ജരാക്കുവാനും രക്ഷകർത്താക്കൾക്ക് ബോധവൽക്കരണം നല്കുന്നതിനുമായി 'സമീരം സാന്ത്വനവേദി 'ഒരു ക്ലാസ്സ് നടത്തി. ലഹരിവിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരിയുടെ ദൂഷ്യതവെളിപ്പെടുത്തുന്ന ഒരു സെമിനാർ സംഘടിപ്പിച്ചു.



## പരിശിഷ്ടം

ഡിസംബർ 5-ന് സിൽവർസ്റ്റോമിലേക്ക് ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു. സ്കൗട്ട്&ഗൈഡ് സജീവമാണ്. ഇവർക്കായി ആലത്തൂരിൽ വച്ച് 2 ദിവസത്തെ ക്യാമ്പ് ഉണ്ടായിരുന്നു.7,8 ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് സ്വയം പ്രതിരോധത്തിന്റെ ഭാഗമായി പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് കരാട്ടെ പരിശീലന ക്ലാസ്സ് നടത്തി. SSLCറിസൽറ്റ് മെച്ചപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങളും ക്ലാസ്സുകളും നടത്തിവരുന്നു.



തോട്ടം പാടവും പറമ്പും വിതയും കൊയ്ത്തും ഒക്കെയായി വ്യാപിച്ചു കിടക്കുന്ന മുടപ്പല്ലൂരിന്റെ ഭൂപടത്തിലെ അറിവിന്റെ തിരുമുറ്റമാണ് മുടപ്പല്ലൂർ സർക്കാർ വിദ്യാലയം. ജീവിതം പഠിപ്പിച്ച, അറിവിൻെറ മഹാകാശത്തെ ഉള്ളം കൈയിൽ വരച്ചുകാണിച്ച ഗുരുനാഥൻമാരുടെ അനുഗ്രഹവും ആശീർവാദവും ഏറ്റുവാങ്ങിയ മണ്ണാണിത്. വിദ്യാലയം എന്ന വാക്കിൻെറ നിർവചനത്തിനപ്പുറം ഗ്രാമവിശുദ്ധിയുടെ പോറ്റില്ലം കൂടിയാണ് ഈ സർക്കാർ വിദ്യാലയം.







# ജലപർവ്വം


മനുഷ്യൻ സർവാധിപത്യഭാവത്തോടെ
നദിക്ക് അവകാശപ്പെട്ട ഇടങ്ങളെ കൈയടക്കുന്നു.
കാലമെത്ര കഴിഞ്ഞാലും തന്റെ ഇടങ്ങളിലേക്ക്
നദി കയറിവരും... അതാണ് നാം കണ്ട പ്രളയം.
www.Desktop-Background.com

കവിത



# മൗനമാണ്



സൗരവ് സാബു
8A

മൗനമാണ്.....
വികാരവേലിയേറ്റത്തിൻെറ മൗനം
അക്ഷരങ്ങൾക്ക് കുറുകെ ആരാണ്
മൗനത്തിൻെറ വേലി തീർത്തത്
ഭയത്തിൻെറ കറ വാക്കുകളെ
ശ്വാസം മുട്ടിക്കുന്നു....
അല്ലെങ്കിലെന്തുകൊണ്ടാണ്
നാവിൽ വാക്കുകൾ കുരുങ്ങിക്കിടക്കുന്നത്
ആരാണ് കണ്ണുകളിൽ ഇരുട്ട് വിതച്ചത്
ഓർമയും കാഴ്ചയും വിറയ്ക്കുന്നതെന്തുകൊണ്ടാണ്
എല്ലാ ചോദ്യങ്ങളും ചെന്ന് തൊടുന്ന
ഉത്തരം മുന്നിലുണ്ട്
അവർക്ക് വേണ്ടത് എൻെറ അവയവങ്ങളാണ്
വിദേശത്ത് അവയവകച്ചവടത്തിന് മാർക്കറ്റുണ്ട്
ചെറിയ ആക്സിഡൻറ്, അതിൻെറ മറവിൽ....
ജീവിതമരണങ്ങൾക്ക് നടുവിലെ നൂൽപ്പാലം...
ഐ.സി.യുവിന് മുന്നിൽ ഭർത്താവുണ്ടാകും
മക്കളും പ്രിയപ്പെട്ടവരുമുണ്ടാകും..
ഇപ്പോഴും ഞാൻ മൗനത്തിലാണ്
മരണത്തിലേക്കുള്ള മൗനം

സൗരവ് സാബു
8.A

കവിത

# പ്രകൃതിക്കുമുണ്ടൊരു കഥ പറയാൻ



മാളവിക യു
X A




പ്രകൃതിക്കുമുണ്ടൊരു കഥ പറയാൻ
ത്യാഗത്തിൻ, സ്നേഹത്തിൻ, സഹനത്തിൻ കഥ
ഭൂമിയെന്നമ്മയെ വേദനിപ്പിക്കുമ്പോളോർക്കണം
പുറപ്പെടുന്നുണ്ട് നിനക്കുള്ള മറുപടി.
കുത്തിയൊഴുകി, ജീവൻ കവർന്ന്,
സംഹാരമാടിയ
ഭൂമിയമ്മ പകർന്ന് തരുന്നതും ഒരു പാഠമാണ്
ഭൂമി അമ്മയാണ്, ത്യാഗിയാണ്...
എങ്കിലും ഒരു മനസ്സുണ്ടവൾക്ക്.
വെട്ടിപ്പിടിക്കുമ്പോൾ, നികത്തിയെടുക്കുമ്പോൾ,
വാരിയെടുക്കുമ്പോൾ... ഓർക്കുക
നേടിയതൊക്കെ നിൻേറതായിരുന്നില്ല
ഭൂമിയമ്മയുടെ വരദാനമായിരുന്നത്
നാളേയ്ക്കായി, നമുക്കായി....
ഭൂമിയെ സ്നേഹിക്കുക... സംരക്ഷിക്കുക

## വരയും വർണവും ദൃശ്യവിരുന്നൊരുക്കിയപ്പോൾ.......













## ആവേശത്തോടെ.

## . കായികമാമാങ്കം











## കലാപൂരം.........

## നിമിഷചിത്രങ്ങളിലൂടെ





## തിളക്കമേകി മാതൃമലയാളം






# കലാലയകാഴ്ചകൾ ;നിമിഷചിത്രങ്ങളിലൂടെ





























കവിത


# നിലാവ്



സുജന.കെ
**9.A**

നിലാവിന്റെ നിറമെന്ത്.......?
ഉള്ളിൽ തെളിഞ്ഞ മുഖമാണ്.
നിലാവിന്റെ നിറം.........
ഇന്നും തിരിയണിഞ്ഞിട്ടില്ല..
മുറിതിരികൾ.....
ഇടവഴികളിൽ തിരി തെളിച്ച്.....
പുലരിമുതൽ.....
സൂര്യനുദിച്ചപോൽ ഭരണങ്ങാനം..
സഹനമെന്നാൽ ജീവിതമെന്നും....
സമം ചെയ്ത നിൻ വഴികൾ..
അയലത്തെ അമ്മയാണ്......
അൽഫോൺസാമ്മ..........!
അറിയില്ല പറയാൻ...
പ്രാർത്ഥനയല്ല,
നിൻ മുമ്പിലൊരു സ്നേഹകാവ്യം..
സഹനത്തിൽ പുണ്യം രചിക്കാൻ.
അടയാളവാക്യമായി നിൻ ജീവിതം...
ഞാൻ ഇന്നാകാശം തേടുന്നു.
കട്ടും വേദനയാൽ സഹനത്തിൻ പതറുന്നു.
ഇല്ലില്ല ഇനിയില്ല വേദന..
നിൻ തിരു മുമ്പിലെൻ വേദനക്കർത്ഥമില്ല.
സഹനത്തിൻ സ്വർഗ്ഗം രചിച്ച്,
നിലാവിന്റെ നിറമാകാൻ ഞാനും വരട്ടെ....

# അക്ഷരത്തെ ആകാശം തൊടീച്ചവർ



വൈക്കം മുഹമ്മദ് ബഷീർ

**ജനനം: ജനുവരി-19**

ബേപ്പൂർസുൽത്താൻ എന്നറിയപ്പെടുന്നു. നർമ്മത്തിലൂടെസാധാരണക്കാര ൻെറയും തൻെറതന്നെയും കഥകൾ പറയുന്നു.താനുൾപ്പെട്ട മുസ്ളീം സമുദാ യത്തിൻെറയും ജീവിതചലനങ്ങളാണ് ഏറെ ആവിഷ്കരിച്ചിട്ടുള്ളത്.

കഥകൾ:ബാല്യകാലസഖി, വിശപ്പ്, ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്.



സി.രാധാകൃഷ്ണൻ

**ജനനം: ഫെബ്രുവരി-16**

കഥാകൃത്ത്, നോവലിസ്റ്റ്. മാനവികതയുടെ ഉൾബലമുള്ള കൃതികൾ.

കൃതികൾ:മുൻപേ പറക്കുന്ന പക്ഷികൾ, സ്പന്ദമാപിനികളേ നന്ദി.



കടമ്മനിട്ട രാമകൃഷ്ണൻ

**ജനനം: മാർച്ച്-22**

കവി.ചൊൽക്കാഴ്ച്ചയിലൂടെ ജനകീയനായി. ജീവിതവരൾച്ചയിലെ നീരുറവക ളാണ് കവിത.കവിതകൾ: ശാന്ത, കുറത്തി, കാട്ടാളൻ, കടിഞ്ഞൂൽപൊട്ടൻ



കുമാരനാശാൻ

**ജനനം: ഏപ്രിൽ-12**

കവി.സ്നേഹഗായകൻ, ആശയഗംഭീരൻ എന്നീ പേരുകൾ. സ്നേഹം, ത്യാഗം, ആത്മ ശുദ്ധി- തുടങ്ങിയ പാരമ്പര്യനൻമകളിൽ വിശ്വസിക്കുന്നു.

കവിതകൾ: നളിനി, ലീല, വീണപൂവ്, ചിന്താവിഷ്ടയായസീത, ദുരവസ്ഥ



വൈലോപ്പിള്ളി ശ്രീധരമേനോൻ

**ജനനം: മെയ്-11**

കവി.മലയാളത്തിൻെറ 'ശ്രീ'.കാച്ചിക്കുറുക്കിയ,മാനുഷികമായ കവിതകൾ.

കവിതകൾ: മാമ്പഴം, കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, ശ്രീരേഖ, കയ്പവല്ലരി, വിട.



ജി.ശങ്കരക്കുറുപ്പ്

**ജനനം: ജൂൺ-3**

കവി.ആദ്യത്തെ ജ്ഞാപീഠപുരസ്കാരം നേടി(1965). ആധ്യാത്മികമൂല്യങ്ങളും പ്രകൃതി സ്നേഹവുമുള്ള കവിതകൾ.കൃതികൾ:സാഹിത്യകൗതുകം, വിശ്വദർശനം, സൂര്യകാന്തി



ബാലാമണിയമ്മ

**ജനനം: ജൂലൈ-19**

മാതൃത്വത്തിൻെറ കവയിത്രി.സ്ത്രീത്വം,മാതൃത്വം,വാത്സല്യം,സ്നേഹം- എന്നിവയാണ് കവിതയിലെ വിഷയം.കവിതകൾ: അമ്മ,മുത്തശ്ശി,മഴവിൻെറകഥ,നിവേദ്യം



ജി.കുമാരപിള്ള

**ജനനം: ആഗസ്റ്റ്-22**

കവി.ഗ്രാമശുദ്ധി,നിഷ്കളങ്കപ്രേമം,സ്വാതന്ത്ര്യദാഹം- എന്നിവയുള്ള കവിതകൾ.
കവിതകൾ: ഓർമ്മയുടെ സുഗന്ധം,സപ്തസ്വരം, മരുഭൂമിയുടെ കിനാവുകൾ



എൻ.കൃഷ്ണപിള്ള

**ജനനം: സെപ്റ്റംബർ-22**

നാടകകൃത്ത്. കേരള ഇബ്സൻ എന്നറിയപ്പെടുന്നു.യൂറോപ്യൻനാടകത്തെ മലയാളത്തിന് പരിചയപ്പെടുത്തി. കൈരളിയുടെകഥ(സാഹിത്യചരിത്രം )



വള്ളത്തോൾ നാരായണമേനോൻ

**ജനനം: ഒക്ടോബർ-16**

ദേശീയതയുടെകവി,കേരളവാത്മീകി- എന്നീപേരുകൾ. സ്വാതന്ത്ര്യബോധവും ദേശാഭിമാനവും മനുഷ്യസ്നേഹവും ചേരുന്ന ജീവിതവീക്ഷണമുള്ള കവിതകൾ.
കവിതകൾ: ശിഷ്യനുംമകനും,അച്ഛനുംമകളും,മഗ്ദലനമറിയം,ബധിരവിലാപം



സി.ജെ.തോമസ്

**ജനനം: നവംബർ-14**

നാടകകൃത്ത്.വ്യക്തിസ്വാതന്ത്ര്യം,സദാചാരം, യുദ്ധപശ്ചാത്തലം-എന്നിവ വിഷയം.
നാടകങ്ങൾ: അവൻവീണ്ടും വരുന്നു, 1128-ൽ ക്രൈം 27, ആ മനുഷ്യൻ നീ തന്നെ.



ഇടശ്ശേരി ഗോവിന്ദൻനായർ

**ജനനം: ഡിസംബർ-23**

ശക്തിയുടെകവി എന്നറിയപ്പെടുന്നു. വള്ളുവനാടൻശൈലി. കർഷക- തൊഴിലാളി പ്രശ്നങ്ങളാണ് മിക്ക കവിതയുടെയും വിഷയം.
കവിതകൾ: പൂതപ്പാട്ട്,കാവിലെപാട്ട്,കറുത്തചെട്ടിച്ചികൾ,ഒരുപിടിനെല്ലിക്ക

കവിത

# പ്രളയപാഠങ്ങൾ



ഓർമയുടെ നിറക്കൂട്ടിൽ  ഓർമകൾ നിറയുമ്പോൾ
ഓർക്കാൻ മറക്കുന്നൊരാ ദുരന്തകാലം
പച്ചപ്പുതപ്പണിഞ്ഞു നിൽക്കുന്ന
ഹരിതമനോഹരിയാം എൻ നാടിന്റെ
പച്ചിലകൾ കൊഴിയിച്ച മഹാദുരന്തം
ജീവിതം നൽകിയ മധുരമൂറുന്ന നാളുകളിൽ
ഭൂമി ദേവിതന്ന വിജനമാം വീഥികളിൽ
പാവവും ധന്യരും ഒരുപോലെ ജീവിതത്തിൽ
ഒരു വറ്റു ചോറിനായ് കേണകാലം
ദശലക്ഷ ജീവിതങ്ങൾ ഒരു നിറവാതിലൂടെ
ദുഃഖവും പരിഭവവും പങ്കുവെച്ചീടുന്ന കാലം
പല കൊടികളില്ല പല മതങ്ങളില്ല
സമ്പന്നരില്ല ദരിദ്രരും ഇല്ല
എല്ലാം പ്രളയക്കെടുതിയിൽ മുങ്ങി തകർന്നു പോയ്
ജീവിതങ്ങൾ കൈയിലേന്തിക്കൊണ്ട് ബാക്കി
ഉള്ളത്,പച്ചയായ മനുഷ്യജീവിതങ്ങൾ മാത്രം.....
കടലുണ്ട്,വെള്ളമില്ല
കടകൾ നിരന്നുണ്ട് അന്നമില്ല
മാർഗങ്ങൾ പലതുണ്ട് വഴികളില്ല
ഏകാന്തതയിൽ  മുഴങ്ങുന്ന ജീവിതങ്ങൾ മാത്രം
കരങ്ങൾ നിറയ്ക്കാനും കയറ്റീടാനും
ഈ വിജനമാം  വീഥികളിൽ സാന്ത്വനമേകാനും
മുഖങ്ങളുടേതല്ല മനസ്സുകളുടെ പരിശുദ്ധി
എന്നെന്നും കാണിച്ചു പല മുഖങ്ങൾ
ആർക്കു നന്ദി പറയണം എന്നറിയാതെ
വിതുമ്പുന്ന ഹൃദയങ്ങളിൽ
അവരോടുള്ള ഹൃദയത്തിന്റെ നിറവിൽ ഒരായിരം
നന്ദി.......

ധനലക്ഷ്മി.എം
10A



ഈ ലോകത്തിലെ ഏറ്റവും വലിയ
ഒരു സത്യം എന്താണെന്നോ.....
ഒരാൾ ആരോ എന്തോ ആകട്ടെ
എന്തെങ്കിലുമൊന്ന് പൂർണമനസ്സോടെ
തീവ്രമായി ആഗ്രഹിക്കുന്നുവെങ്കിൽ
അത് നടക്കാതെ വരില്ല.
സ്വന്തം വിധിയാണ് മനസ്സിൽ
ആ മോഹത്തിന്റെ വിത്ത് പാകുന്നത്.
അതിന്റെ സാഫല്യമാണ്
ആ ജീവിതത്തിന്റെ ഉദ്ദേശ്യം.

(ആൽകെമിസ്റ്റ്) (പൗലോകൊയലോ)

# അനുഭവങ്ങൾ....

# പാഠങ്ങൾ....





**സരിത.കെ.ബി**

*ജീവിതം ഒരു മഹാസാഗരമാണ് . വേലിയേറ്റവും വേലിയിറക്കവുമുള്ള ഒരു സാഗരം .വേലിയേറ്റത്തിൽ പല ഉയർച്ചകളും വേലിയിറക്കത്തിൽ പല താഴ്ച്ചകളും ഉണ്ടാകുന്നു. ബാല്യകാലം ഒരു ചിന്തയും അലട്ടാതെയുള്ള കാലം, നിഷ്കളങ്കമായ ആ ബാല്യത്തിൽ എന്തു ചെയ്താലും അതൊരു കുസൃതി. അത് ശരിയാവട്ടെ, തെറ്റാവട്ടെ. പിന്നീട ങ്ങോട്ടുള്ള ജീവതത്തിൽ എന്താണ് ശരിയെന്നും എന്താണ് തെറ്റെന്നും തിരിച്ചറിയുന്ന കാലഘട്ടം . പ്രിയപ്പെട്ടവരുടെ വിയോഗം ഇപ്പോഴും ആഘാതമായി തന്നെ തുടരുന്നു .പിന്നീടങ്ങോട്ട് എന്ത് കാര്യം ചെയ്യുമ്പോഴും പേടിയാണ്. ജീവതത്തിൽ കൂടെ ഉണ്ടാവും എന്ന് നമ്മൾ കരുതുന്നവരെല്ലാം ഒരു സാഹചര്യം വരുമ്പോൾ നമ്മളെ തനിച്ചാക്കി പോകുന്ന കാലം. നമ്മൾ അറിയാതെ തന്നെ ജീവിതത്തിന്റെ കഷ്ടപ്പാടുകൾ ചുമക്കേണ്ടി വരുന്നു . സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി ചിലർ കൂട്ടുകൂടുന്നു . എല്ലാവരും ഉണ്ടായിട്ടും ഒറ്റപ്പെട്ടു കഴിയുന്ന അവസ്ഥ. പ്രതീക്ഷിക്കാത്തവർ നമ്മുടെ ജീവിതത്തിൽ താങ്ങും തണലുമാവുന്ന കാലം . ചിലരിൽ നിന്ന് നമ്മൾ ഏങ്ങനെ ആയിരിക്കണമെന്നും, ചിലരിൽ നിന്ന് നമ്മൾ ഏങ്ങനെ ആവരുതെന്നും പഠിക്കുന്നു .ഒരു തരത്തിൽ ഇങ്ങനെയുള്ള അനുഭവങ്ങൾ എല്ലാം ഒരു അനുഗ്രഹമാണ്. ജീവിതം സധൈര്യം മുന്നോട്ട് കൊണ്ടുപോവുകാൻ ഈ അനുഭവങ്ങൾ തന്നെ ധാരാളം...........................................................*



വിശക്കുമ്പോൾ ആഹാരമില്ലാതെ
പട്ടിണി കിടക്കേണ്ടി വരുന്നവനും
രോഗം പിടിപെടുമ്പോൾ
ചികിൽസിക്കാൻ മാർഗമില്ലാത്തവനും
മരിക്കേണ്ടി വരുന്നത്
ദൈവനിശ്ചയമാണെങ്കിൽ
ആ ദൈവം എൻേറതല്ല.

(ബിഷപ്പ് പൗലോസ് മാർപൗലോസ്)

കവിത

# സന്ദേശം



മർഫ

9A



കരയുന്ന ഭൂമിയുടെ കണ്ണീർ
തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ
പോറ്റുന്ന ഭൂമിയുടെ
ദീനമാം രോദനം കേൾക്കുന്നു ഞാൻ
മാറ് പിളരുന്ന മരണത്തിൻ വേദന.......
കണ്ണുനീർ പൊഴിക്കുന്നു
മഴപെയ്ത്ത് പോൽ....
ഓർക്കുക മർത്യാ നീ.....
ജീവൻ തുടിപ്പുള്ള ഭൂമിയുടെ മേനിയെ
നോവിച്ചാൽ അനുഭവിക്കും നീ ഒരുനാൾ........



എന്താണ് സ്നേഹം?
വയലിൻ കമ്പിയിൽ
സംഗീതം ഉണ്ടാക്കുന്നത്
ഒരാളുടെ സ്നേഹമാണ്
മാർബിളിലോ കളിമണ്ണിലോ
ദേവതയെ സൃഷ്ടിക്കുന്നത്
ഒരാളുടെ സ്നേഹമാണ്
ഒരു മഹാശൂന്യതയിൽ നിന്ന്
ഈ പ്രപഞ്ചം ഉരുവായത്
ദൈവത്തിൻെറ സ്നേഹം
പ്രവർത്തിച്ചത് കൊണ്ടാണ്

( ഒരു സങ്കീർത്തനം പോലെ ) (പെരുമ്പടവം)

# 2018- ദേശീയധാന്യവർഷം



പുല്ല് വർഗത്തിൽപ്പെട്ട ധാന്യവിളകളാണ് millet ( ചെറുധാന്യങ്ങൾ).ഏത് കാലാവസ്ഥയിലും നന്നായി വളരുന്ന, വരൾച്ചയെ അതിജീവിക്കുന്ന ഈ ധാന്യങ്ങളാണ് മനുഷ്യൻ ഭക്ഷണത്തിനായി ആദ്യം ഉപയോഗിച്ചത്. നമ്മുടെ ആഘോഷങ്ങളും ആചാര- അനുഷ്ഠാനങ്ങളും ധാന്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

കൃഷിയിടങ്ങൾ തരിശാവുന്ന, കർഷക സമര ങ്ങൾ കൊടുമ്പിരിക്കൊള്ളുന്ന വർത്തമാനകാല ത്തി ൽ'ദേശീയധാന്യവർഷം'പ്രസക്തമാവുന്നു. ദാരിദ്ര്യത്തിന്റെ തീക്കാറ്റിൽ വേവുന്ന അന്ന സ്രഷ്ടാക്കൾക്കായി കരുത്തുറ്റ പദ്ധതികളും കരുതലും ഉണ്ടാവട്ടെ; കൃഷിയിടങ്ങൾ സമൃദ്ധമാവട്ടെ.



കവിത

# പ്രളയം പഠിപ്പിച്ചത്



സ്നേഹ.പി
8B

നാം സ്വയം ചെയ്ത ദുരിതമാം
പ്രളയം എന്ന മഹാദുരന്തം
മനുഷ്യക്രൂരതകൾക്ക് മറുപടിയായി
ദൈവം നൽകിയ മഹാദുരന്തം
ഇത്രയെങ്കിലും അറിയുക മക്കളെ
നമ്മൾ മനുഷ്യരാം കൊടും ക്രൂരർ
ദുഷ്ടചിന്തകളെ അകന്നീടുക നീ..
സ്വർഗലോകമാം ഈ ഭൂമിയെ
നരകമാക്കുവാൻ വന്നീടരുതെ
ഇനിയെങ്കിലും അറിഞ്ഞീടുക മക്കളെ
സ്വർഗമാം ഈ ഭൂമി ദൈവദാനമാണ്
മറ്റാരോ ചെയ്യുന്ന കൊടും ക്രൂരതയ്ക്ക്
ഇരകളാകുന്നതോ നിരപരാധികൾ





കവിത

# മൗനരാഗം

കീർത്തി.കെ
8A



എന്തിനീ മൗനം.....
എൻ ഓർമയിലെന്നും നിൻ
കളകളനാദം
നിൻ സ്വരം എൻ നെഞ്ചിൽ
പാലാഴി തീർത്തു
എന്നിട്ടും നീയെന്തേ ഇപ്പോൾ
മൗനമാവുന്നു
നിൻ മൗനം എൻ നെഞ്ചിൽ
കനലായിതീർന്നു
നിൻ പൊട്ടിച്ചിരിയതു കേൾക്കുവാനായി
ഞാൻ കാതോർക്കുന്നു.
എന്തിനീ മൗനമിതെന്നോടായ്
എന്തിനെന്നെ ദുഃഖമാക്കുന്നു
ഒന്നു ചിരിക്കു നീ ഒന്നു ചൊല്ലു
നിൻ നാദത്തിനായ് ഞാൻ കാതോർക്കുന്നു...

കഥ

## ഇന്നത്തെ കഠിനാധ്വാനം ഭാവിയിലേക്കുള്ള ചുവടുവെപ്പ്





സ്നേഹ.പി.എസ്
10A

അതിസുന്ദമായ,പച്ചപ്പനിറഞ്ഞഒരുഗ്രാമം. അതിനടുത്തടുത്തായി ചെറിയവീടുകൾ.അതിലൊരുവീടാണ് ധ്യാനിന്റെയും ധന്യയുടെയും. മറ്റുള്ളവർക്ക് അതൊരുചെറിയ വീടാണെങ്കിലും അവർക്ക് അതൊരു സ്വർഗ്ഗമാണ്. അച്ഛനും അമ്മയും ഇവർ രണ്ടുപേരും ചേരുന്ന ഒരു സന്തോഷം നിറഞ്ഞ കുടുംബം.അച്ഛനും അമ്മയും സാധാരണ ജോലിക്ക് പോകുന്നുണ്ട്. ഈ കുട്ടികൾ രണ്ടുപേരും പത്താം ക്ലാസ്സിലാണ് പഠിക്കുന്നത്. അച്ഛനും അമ്മയും പണിക്ക്പോയി കിട്ടുന്ന പണം പഠനചിലവിനും വീട്ടു ചിലവിനും തികയാറില്ല. ഇത് കാരണം വീട്ടിൽ പലപ്പോഴും പ്രയാസങ്ങൾ ഉണ്ടാകാറുണ്ട ്.പോരായ്മകൾ അറിഞ്ഞ് ജീവിക്കുന്ന ഈകുട്ടികൾക്ക് പഠിച്ച് നല്ല ജോലി വാങ്ങണമെന്ന ലക്ഷ്യം ഉണ്ട്.രണ്ടുപേരും മത്സരിച്ചാണ് പഠിക്കുന്നത്.പഠനത്തിൽ ധ്യാനും ബുദ്ധിയിൽ ധന്യയുമാണ് മുന്നിൽ. രണ്ടു പേരും ക്ലാസ്സിൽ ഒന്നാമതാണ്. പഠനത്തിൽ അവർ തമ്മിൽ ഒരുമത്സരം തന്നെയുണ്ട്. അവർപറയാറുണ്ട് നമ്മൾ പഠിച്ച് ഒരു ജോലി വാങ്ങിയിട്ട് വേണം ഒരുവീടു കെട്ടാൻ. ധന്യ ധ്യാനിന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് പറഞ്ഞു. അത് നമ്മളുടെ ലക്ഷ്യമല്ലേ? അതെ തീർച്ചയായും.ധ്യാൻ മറുപടി പറഞ്ഞു.നമ്മുടെ സമ്മാനമായി അച്ഛനും അമ്മക്കും ഒരു വീട്. ഇത് ഒരു വാശിയായി അവർ ഏറ്റെടുത്തു.അവർ കഠിനമായി പഠിച്ചു. പരീക്ഷ ആരംഭിച്ചു. അമ്മ അവരെ രാവിലെ തന്നെ എഴുന്നേറ്റ് പഠിക്കാൻ പറഞ്ഞു.അവർ എഴുന്നേറ്റ് പഠിച്ചതിന് ശേഷം സ്കൂളിലേക്ക് പുറപ്പെട്ടു.അവർ ഇപ്പോൾ എസ്എസ്.എൽ.സിക്കുള്ള തയ്യാറെടുപ്പിലാണ്. സ്കൂൾ വിട്ടുവന്നതിനുശേഷം മുതൽ രാത്രി പന്ത്രണ്ട് മണി വരെ പഠിക്കുന്നുണ്ട്.പരീക്ഷ ആരംഭിച്ചു. ഒടുവിൽ അവർ കാത്തിരുന്ന ആ ദിവസം വന്നു.. ഇന്നാണ് റിസൽട്ട് വരുന്നത്. അവർ വേഗം കുളിച്ചൊരുങ്ങി. അവർ അക്ഷയയിൽചെന്ന് റിസൾട്ട് വാങ്ങി.അവർ അത് നോക്കിയില്ല. അത് നേരേ അമ്മയുടെ കൈയ്യിൽകൊടുത്തു. മാർക്ക് കുറഞ്ഞാൽ അമ്മ ഞങ്ങളോട് ക്ഷമിക്കണം എന്നും പറഞ്ഞു. അമ്മ അത് നോക്കിയപ്പോൾധന്യക്ക് ഫുൾ A+എന്നാൽ ധ്യാനിന് 9 A+ ഉംഒരു Aയും..അവന് സന്തോഷമായി. ഒരുചെറിയ സങ്കടമുണ്ടായിരുന്നു.ഇവരുടെ റിസൾട്ട്അച്ഛൻ എല്ലാവരെയും അറിയിച്ചു, അഭിമാനത്തോടെ. ധ്യാനും ധന്യയും തങ്ങളുടെ സ്വപ്നതീരത്തിലേക്ക് നടക്കാൻ തുടങ്ങിയിരിക്കുന്നു....

കവിത

# അച്ഛൻ എന്ന സത്യം



**നവ്യ. ആർ**
**10B**

കൺചിമ്മാതെ അന്ന് നെഞ്ചിൽ
വെളിച്ചമായ് കാത്തിരുന്ന പിതൃമനസ്സ്
നെഞ്ചിലും വാക്കിലും എന്നുമാ കണ്ണിലും
എൻ മകൾ എന്നൊരു വാക്ക് മാത്രം...
പെൺശക്തിയേക്കാൾ എത്രയോ വലുതാം
പിതൃ മനസ്സിന്റെ വിങ്ങലുകൾ
പെൺജന്മം പിറന്നാലുടൻ
പിന്നെ തേങ്ങലും നെഞ്ചിൽ തീയും
എൻ മകൾ പൊൻമകൾ
എന്ന കരുതലോടെ പിതൃമനസ്സെങ്ങും
നിറഞ്ഞിടുന്നു
തെറ്റുകൾ പലതും ചെയ്തെങ്കിലും
എന്നുമെന്നും അവളെന്റെ പൊന്മകൾ
ഇനിയെന്നുമെന്നും
അവളെന്റെപൊൻമകൾ



കവിത

# തനിച്ചാണ്....യാത്രയാണ്



Dr:സൽമ. ടി

വഴിയിൽ വീണ്പടർന്ന് വർണ്ണമായ്
പുണരുന്ന ഉദയാസ്തമയങ്ങൾ
നീറുന്ന നിഴലായ് പകലുകൾ
നിലാവിൽ നക്ഷത്രക്കണ്ണാൽ
നിശീഥിനി.
വഴിയിൽ വിടരാൻ വിതുമ്പി
നിന്ന് പൂക്കളെന്നെ വിളിക്കുന്നു.
ഞനോ.....?
മറന്നുവെച്ച അക്ഷരം കടലാൽ
തിരയുന്നു.
എന്റെ വിരൽത്തുമ്പിൽ അർത്ഥം തിരഞ്ഞ്
വാക്കുകൾ പകക്കുന്നു
ഇടയ്ക്ക് ഊർന്നുപോകാൻ തിടുക്കപ്പെട്ട്
ചില തോന്ന്യക്ഷരങ്ങൾ കളം മാറുന്നു.
തനിച്ചാവാൻ പഠിപ്പിക്കുന്നു.
ആൾക്കൂട്ടമാണ് തനിച്ചാണ്
പരിചിതമല്ലാത്ത വഴികളാണ്
ഒപ്പമെത്തുന്നത് വാർദ്ധക്യം പൊതിഞ്ഞ
പാദപതനങ്ങളാണ്.
ആർദ്രമാകുന്നചിന്തയിൽ നിറയെ
അതിരുകളില്ലാത്ത ആകാശം
തന്നവരാണ്.ജാലകത്തിനപ്പുറംകുതറിവീണ
ത്തുവൽനിറങ്ങളിൽ തണൽതേടുകയാണ്.
തനിച്ചാണ്
യാത്രയാണ്.....
കൂട്ടുമ്പോഴൊക്കെയും
കുറഞ്ഞുപോകുന്നത് മറ്റാരുടേയോ
സ്നേഹക്കണക്കാണ്

ലേഖനം

# അനുഭവം ഗുരു



കീർത്തന
9A


ഒരു ദിവസം എനിക്ക് മടുപ്പ് തോന്നിയപ്പോൾ ഞാൻ തീ വെച്ച് കഞ്ഞിയും കറിയും കളിച്ചപ്പോൾ അമ്മ എന്നോട് ഒരുപാട് തവണ പറഞ്ഞു. ആ തീയിൽ കളിച്ചാൽ കൈ പൊള്ളും. വേദന എടുക്കും എന്ന്. അപ്പോൾ ഞാനതൊന്നും കേൾക്കാതെ തീ വെച്ച് തന്നെ കളിച്ചു. ഞാനും എന്റെ കൂട്ടുകാരും ഉണ്ടായിരുന്നു. ഞങ്ങൾ കല്ല് വെച്ച് അടുപ്പുണ്ടാക്കി. പാത്രത്തിനു പകരം ചിരട്ടയും വെച്ച് കളിച്ചു.ഞാൻ ചിരട്ടയിൽ വെള്ളം എടുക്കാൻ പോയപ്പോൾ അവർ പറഞ്ഞു വെള്ളത്തിൽ കളിച്ചാൽ പനി വരുമെന്ന്. ഞാൻ അത് വക വെക്കാതെ വെള്ളം എടുത്ത് കളിച്ചു. ഞാൻ തീയിൽ വീണ്ടും കളിച്ച പ്പോൾ അമ്മ പിന്നേയും പറഞ്ഞു മോളേ അതിൽ കളിക്കരുത് നിന്റെ കൈ പൊള്ളും എന്ന്. ഞാൻ അത് കേൾക്കാതെ കൈയ്യിലി രുന്ന പേപ്പർ കത്തിച്ചപ്പോൾ എന്റെ കൈ പൊള്ളി. അപ്പോഴാണ് ഓർത്തത് അമ്മ പറഞ്ഞത് അനുസരിക്കാമായിരുന്നു. അന്ന് എനിക്ക് മനസ്സിലായി എല്ലാവരും പറയുന്നത് അനുസരിക്കണം. അല്ലെങ്കിൽ അനുഭവം ഗുരു ആകും....



---

ഗുരുവും ദൈവവും ഒരേ സമയത്ത്
എൻെറ മുമ്പിൽ വന്നാൽ
ഞാനാദ്യം ആരെ നമിക്കും
തീർച്ചയായും ഗുരുവിനെ തന്നെ
കാരണം ഞാൻ ദൈവത്തെ അറിഞ്ഞത്
ഗുരുവിലൂടെയാണ്

കബീർ





കവിത

# ഭൂമീകോപം



ദൃശ്യ.എം
8.A

മനുഷ്യൻ തൻ ക്രൂരതകളേറ്റു
വാങ്ങിടാൻ വയ്യാതെ നിശബ്ദ
മായി നിന്നതാണൊരിക്കലീ ഭൂമി
വെട്ടുന്ന മാന്തുന്ന വേദനിപ്പിക്കുന്ന
ആരാരും ഒന്നും മൊഴിയില്ലെന്ന് തോന്നി
എന്നും സഹിക്കില്ല എന്തിനായ് സഹിക്കണം
എന്നും ഈ വേദന എന്തിനായ്
സഹിക്കണമീ പാവമാം ഭൂമി
സഹിക്കവയ്യാതെ തലയുയർത്തി ഒന്നു
ചോദിച്ചതാ ഭൂമി എല്ലാം നശിച്ചു
ക്രൂരതകളെന്നും കാട്ടിടുമ്പോൾ
ചിന്തിക്കില്ലൊരിക്കലും ഈ മാനവർ
മാനവർക്കൊരിക്കലുമുണ്ടാവുകയില്ല
ആ പാവമാം ഭൂമിതൻ മഹാമനസ്സ്
ഭൂമിയൊന്ന് തലയുയർത്തി നിന്ന്
ചോദിച്ചതാ എന്തിനായ് നിങ്ങൾ തൻ
ക്രൂര പ്രവർത്തികൾ എൻ നേർക്കു
ചൊരിയുന്നു വീണ്ടും
ഞാനെന്തു ചെയ്തു നിങ്ങളോടായ്
വേദനിപ്പിക്കല്ലേ ഇങ്ങനെ നിങ്ങൾ
ഒടുവിലാ പാവം ഭൂമി
കോപിച്ചു പോയി എല്ലാം നശിച്ചു
ഭൂമിതൻ കോപം ഏറ്റുവാങ്ങാൻകഴിഞ്ഞില്ല
എല്ലാം നശിച്ചു എല്ലാം ജലത്തിലായി
ഒടുവിൽ പാഠം പഠിക്കുന്നു
ഈ മാനവർ എന്നിട്ടും
ഭയത്തിലാണിീ ജനനിയാം ഭൂമി
വെട്ടുമോ മാന്തുമോ നോവിപ്പിക്കുമോ
വീണ്ടും ഭൂമിയെ വല്ലാതെ
ഈ മാനുഷർ ....

കഥ



# നിറമുള്ള നൻമകൾ



അമൃത.കെ.എസ്
7A

പണ്ടു പണ്ട് രണ്ടു കൃഷിക്കാർ ഉണ്ടായിരുന്നു. അവർ രണ്ടുപേരും രണ്ടു ഇടങ്ങളിലായാണ് കൃഷി ചെയ്തി രുന്നത്. ഒരാളുടെ പേര് ചന്ദ്രനും, മറ്റേ ആൾ രാജനും. ചന്ദ്രൻ സ്നേഹവും നന്മയും ഉള്ളവനാണ്. പക്ഷെ  രാജൻ അങ്ങനെ അല്ല അയാൾക്ക് അയാളുടെ കാര്യം മാത്രം എന്ന മട്ടിലാണ്. അങ്ങനെ ഇരിക്കെ ഒരു ദിവസം ചന്ദ്രനു വിളവു കുറവായിരുന്നു. അതിനാൽ കുറച്ച് നെല്ല് മാത്രമേ ലഭിച്ചിട്ടുണ്ടായിരുന്നുള്ളു. രാജന് നിറയെ നെല്ലും, വിളയും ഉണ്ടായിരുന്നു. അപ്പോൾ മുടന്തു കുടിയ ഒരു പാവം അമ്മ അതുവഴി വന്നു. ആ അമ്മ ആദ്യം രാജന്റെ വീട്ടിൽ പോയി അമ്മ പറഞ്ഞു. വല്ലതും തരണേ മുതലാളി, ഭക്ഷണം കഴിച്ചിട്ട് കുറച്ചു ദിവസമായി. രാജൻ അമ്മയ്ക്കു ഒരു രൂപ പോലും നൽകിയില്ല. രാജൻ പറഞ്ഞു, ഇവിടെ ഒന്നും ഇല്ല തിരിച്ചു പോകൂ ആ അമ്മ ഒരുപാട് വിഷമിച്ച് തിരികെ പോയി. ചന്ദ്രൻെറ വീട്ടിലെത്തി അവിടെ ചന്ദ്രൻ കൃഷിയുടെ നഷ്ടം കാരണം വിഷമിച്ച് ഇരിക്കുകയായിരുന്നു. ആ സമയത്ത് ആ അമ്മ വന്ന് എന്തെങ്കിലും തരണേ  തരണേ എന്ന് യാചിച്ചു. അയാൾ പുറത്തേക്കിറങ്ങി വന്നു. ആ അമ്മ പറഞ്ഞു,വല്ലതും തരണേ വിശക്കുന്നു. ഇതു കേട്ടപ്പോൾ അയാൾ ഉടനെ ഒരു ഇടങ്ങഴി നെല്ലും അമ്മയ്ക്കു കഴിക്കാൻ ഭക്ഷണവും നൽകി.അപ്പോൾ അമ്മയുടെ വയറുമാത്രമല്ല മനസ്സും നിറഞ്ഞു. അമ്മ പറഞ്ഞു,നീയൊരു നല്ല നന്മ നിറഞ്ഞ വ്യക്തിയാണ്. നിന്നെ ദൈവം അനുഗ്രഹിക്കട്ടെ.ചന്ദ്രൻപറഞ്ഞു. അമ്മയുടെ ഈ സന്തോഷവും അനുഗ്രഹവും മതി.എനിക്ക് മനസ്സ് നിറഞ്ഞു. അപ്പോൾ അമ്മ ആവീട്ടിലെ അയാൾ എനിക്ക് ഒരു രൂപ പോലും നൽകിയില്ല ചന്ദ്രൻ പറഞ്ഞു, പോട്ടെ അമ്മേ അവൻ അങ്ങനെയാ അമ്മയുടെ സ്ഥാനത്ത് അവന്റെ അമ്മയാകുമ്പോഴാണ് അവന് മനസ്സിലാവുക. അത് അമ്മ കാര്യമാക്കേണ്ട അവനവന് വരുമ്പോൾ അവനവൻ അറിയും. എല്ലാം കഴിഞ്ഞപ്പോൾ ആ അമ്മ സന്തോഷത്തോടെ തിരികെ പോയി ചന്ദ്രന്റെ മനസ്സിലെ കൃഷിനാശത്തിന്റെ ദുഃഖം അവൻ മറന്നു. അവന്റെ മനസ്സിൽ ആ അമ്മയ്ക്കു നൽകിയ ഉപകാരത്തെ ഓർത്ത് സന്തോഷിച്ച ു.അടുത്ത കൃഷി സമയത്ത് ചന്ദ്രന് ഒരു പാട് വിളകൾ ലഭിച്ചു. പക്ഷെ രാജന് വിളകളൊന്നുമില്ലാതെ കൃഷിയാകെ നഷ്ടത്തിലായി.അപ്പോൾ ചന്ദ്രൻ ഓർത്തു ആ അമ്മയുടെ അനുഗ്രഹം ഉള്ളത് കൊണ്ടാണ് എനിക്ക് ഈ കൃഷി തിരിച്ചു  പിടിക്കാൻ സാധിച്ചത്. ആ അമ്മയുടെ മനസ്സ് സന്തോഷിച്ച പോലെയാണ് ഇപ്പോൾ എന്റെ മനസ്സ് . രാജന് അന്ന് കുറേ നെല്ലും , വിളയും ഉണ്ടായിട്ട് ആ അമ്മയ്ക്ക് ഒന്നും നൽകാതെ വിഷമിപ്പിച്ചു വിട്ടതു കൊണ്ടാവാം അവന്റെ മനസ്സ് ഇപ്പോൾ ദുഃഖിക്കുന്നത്

കവിത



# വിദ്യാലയം



നവ്യ.ആർ
10B

വിദ്യതൻ വെളിച്ചം പകർന്ന് തന്ന
പൊന്നിൻ പൊയ്കയിൽ വിദ്യാലയം
വാക്കിൻ ശുദ്ധിയിൽ ളുക്കിയിട്ട
പുണ്യപ്രപഞ്ചമെൻ വിദ്യാലയം
വാക്കിൻ ശുദ്ധിയായ് മനസ്സിൽ വിരിയുന്ന
ളുമൊഴി ളുകുന്ന പൊൻ ഗൃഹമെ
വാമൊഴിഭാഷയിൽ വെളിച്ചമായ് മിന്നുന്ന
ബാഹ്യപ്രപഞ്ചമെ പ്രിയ ഗൃഹമേ
തേനായി പാലായി പൂവായി മണമായി
മനസ്സിൽ വിരിയുന്ന പാൽ ഗൃഹമേ
എൻ ഗൃഹപ്രപഞ്ചത്തിൽ ഇന്നിവിടെ
വിടരാത്ത മൊട്ടുകൾ
മൊട്ടിട്ടുണർന്നുവോ.......
ഇന്ന് ഇവിടൊന്നു പാറി പറന്നിതോ
പറക്കാൻ ഉയർന്നത് വാനിങ്കലെത്തിയോ
ആരാരോ ചെയ്ത പുണ്യകർമ്മത്തിനിന്ന്
ഞാനൊരാളായി
നിങ്ങളോടൊപ്പം പാറിപറക്കാൻ
ശ്രമിക്കുന്ന കൂട്ടരും
പാറി പറക്കാൻ പഠിപ്പിക്കും ളുക്കളും
വാനിലൂടനീളം പറക്കാൻ ശ്രമിക്കണം
പറന്നുയരണം വിജയിച്ചീടേണം........

# എണ്ണപ്പെട്ട ദിനങ്ങൾ

ഇതൊരു സാധാരണ കഥയല്ല. അനാഥരാകുന്ന കുട്ടികളുടെ ജീവിതത്തിൽനടക്കാൻ ഇടയുള്ള ഒരു സംഭവമാണ്. അത്തരം ഒരു സന്ദർഭമാണ് ഈ കഥയിൽ പറയുന്നത്. ഒരുകുട്ടി അവന്റെ പേര് രാമു എന്നാണ്. അവന് 12 വയസ്സേ ആയിട്ടുള്ളൂ. എന്നാലും അവൻ ജോലി ചെയ്യുന്നുണ്ട്. കെട്ടിടം കെട്ടുന്നവരുടെ കൂടെയാണ് അവന്റെ ജോലി. ജോലിസ്ഥലത്ത് അവനെ കൂടാതെ മറ്റുകുട്ടികളും ഉണ്ട്. എല്ലാവരും രാമുവിന്റെ ഏകദേശം പ്രായമുള്ളവരും. കൂടാതെ അനാഥരും .രാമു മുൻപ് താമസിച്ചിരുന്നത് ഒരു ഓർഫനേജിലാണ്. അവിടെയും രാമു സന്തോഷത്തിലല്ലായിരുന്നു. എപ്പോഴും അവനുള്ള ഒരാശ്വാസം അവന്റെ മനസ്സിലെ അച്ഛന്റെയും അമ്മയുടെയും ഒത്തു കഴിഞ്ഞ ഓർമ്മകളായിരുന്നു. പത്താം വയസ്സിൽ അച്ഛനമ്മമാരെ നഷ്ടപ്പെട്ട രാമു ആന്ധ്രയിലെ ഓർഫനേജിൽ അവന്റെ ബന്ധുക്കൾ എത്തിച്ചു. രാമുവിന്റെ ബന്ധുക്കൾക്ക് അവൻ വലിയൊരു ബാധ്യതയായിരിക്കുന്നു .ഓർഫനേജിലെ വാർഡൻ ആണെങ്കിൽ പൈസയിൽ മാത്രം മോഹമുള്ള ഒരു സ്ത്രീ. അങ്ങനെയിരിക്കെ രണ്ടാളുകൾ വന്ന് രാമുവിനെ ദത്തെടുത്തു. വാർഡന് അത്യാവശ്യം പൈസയൊക്കെ അവർ കൊടുത്തു .ഓർഫനേജിൽ നിന്ന് രക്ഷപ്പെട്ടു എന്ന് കരുതിയിരിക്കുമ്പോഴായിരുന്നു അവനെ ദത്തെടുത്തതല്ലെന്നും കെട്ടിടം പണിയാൻ ജോലിക്കാരുടെപകരം കുറച്ച് കുട്ടികളെ വേണമെന്നും അവൻ അറിയുന്നു.കുട്ടികളാകുമ്പോൾ ജോലിക്ക് കുറച്ച് കൂലി കൊടുത്താൽ മതി. രാമുവിന്റെ പിന്നീടുള്ള ജീവിതം വളരെ ദയനീയമായിരുന്നു. പിന്നീടുള്ള ഓരോ ദിവസവും. എല്ലാ ദിവസവും ജോലിക്കാരുടെ കയ്യിൽ നിന്ന് അല്ലെങ്കിൽ കോൺട്രാക്ടരുടെ കയ്യിൽ നിന്ന് തല്ല് വാങ്ങി. ഒരു ദിവസം രാമു കല്ലുകൾ എടുത്ത് ജോലിക്കാർക്ക് കൊടുക്കുകയായിരുന്നു. ചെങ്കല്ല് കൊണ്ടു പോകുന്നതിനിടയിൽ അവന്റെ കയ്യിൽനിന്ന് കുറേ കല്ലുകൾ താഴെ വീണ് പൊട്ടിപോയി. അതുകണ്ട മേൽനോട്ടക്കാരൻ അവനെ തല്ലുകയും അവന്റെ കൈ പൊള്ളിക്കുകയും ചെയ്തു. പണിയൊക്കെ കഴിഞ്ഞ് രാത്രി കിടക്കുമ്പോൾ അവൻ അവന്റെ കൈയിലുണ്ടായ മുറിവ് നോക്കി.പെട്ടെന്ന് അവന്റെ മനസ്സിൽ ഓടിയെത്തിയത് അവന്റെ അച്ഛന്റെയും അമ്മയുടെയും മുഖമാണ്. തനിക്ക് എന്തെങ്കിലും ആയാൽ സങ്കടത്തിലാകുന്ന അച്ഛന്റെയുംഅമ്മയുടെയും മുഖം. സന്തോഷം നിറഞ്ഞ നിമിഷങ്ങൾ അവൻ ഓർത്തു.വീട്ടിൽ ഒരു ദിവസം കളിക്കുമ്പോൾ അവന്റെ കൈ കത്തികൊണ്ട് മുറിഞ്ഞു.അച്ഛനമ്മമാരുടെ ആ സമയത്തെ മുഖം അവൻ ഓർക്കുന്നു.അവർ ഉണ്ടെങ്കിൽ ഇത് സംഭവിക്കുമോ? എല്ലാവർക്കും പണത്തോടുള്ള അത്യാഗ്രഹമാണ് .പിന്നെ അശ്രദ്ധ അത് അവരുടെ വിധി. ഇനിയൊരു കുട്ടിക്കും ഈ അവസ്ഥ ഉണ്ടാകരുതെന്ന് അവൻദൈവത്തോട് പ്രാർത്ഥിച്ചു.

അമ്മയുടേയും അച്ഛന്റെയും ഓർമ്മകൾ ആലോചിച്ച് അവൻ പതുക്കെ പതുക്കെ ഉറക്കത്തിലേക്ക് പോയി.

വിഷ്ണു.വി
10.A



ആരൊക്കെയോ നമുക്കുവേണ്ടി
പ്രാർഥിക്കുന്നു.
നാം തനിച്ചല്ല, എന്തൊക്കെയോ
നൻമകളുടെ നടുക്കാണ്
നമ്മുടെ യത്നങ്ങൾ

(മധുരം ഗായതി) ( ഒ.വി.വിജയൻ)

കവിത






**അനിത.എൻ**
**9.A**

**അമ്മതൻ വാത്സല്യ ഭോജനമാകുന്നീ,**
**നമ്മളീ ലോകത്തിൻ പുണ്യരാണ്**
**ജ്ജീവിതം നമ്മളങ്ങാസ്വദീച്ചീടണം**
**നല്ലവരായി നാം മാറിടേണം,**
**പല ദുഃസ്വഭാവങ്ങളും ദുർഗുണങ്ങളും**
**നമ്മളതെല്ലാം മാറ്റിടേണം...............**
**പാൻപാരാക്,പാസ്പാസ് ദുർശീലങ്ങളെ**
**പിച്ചവയ്യ്പിക്കാനായെത്തിടുന്നു.........**
**അതിലൊന്നും വീഴാതെ ആ കമ്പോളങ്ങൾ**
**കടന്നെല്ലാരും നന്നായി വാഴ്കവേണം**
**നമ്മളെ എത്ര നിർബന്ധിച്ചാലും**
**അതിലൊന്നും നാം വീഴരുത്......**
**നാം ഇന്ത്യക്കാർ നല്ലവരെന്നറിയിക്കാനായ്**
**എല്ലാരും ഒരുമിച്ചാചരിക്കാം**
**ലോക ലഹരി വിരുദ്ധ ദിനം.......**

ലേഖനം

# ദൈവത്തിൻെറ സ്വന്തം നാട്





കീർത്തി.കെ
8A

*സമ്പൽ സമൃദ്ധികൊണ്ടും സർവ്വൈശ്വര്യങ്ങൾ കൊണ്ടും സൗന്ദര്യമഹിമ കൊണ്ടും അനുഗ്രഹീതമാണ് നമ്മുടെ കേരളം. പൊന്നിൽ നിറമുള്ള കണിക്കൊന്ന പൂത്തുലഞ്ഞാടി നിൽക്കുന്ന നാട്. മലയാള മഹിമയുടെ അഭിമാനനാട്.വയലേലകൾ പൂത്തു ലഞ്ഞുനിൽക്കുന്ന, വശ്യത കൊണ്ട് വേനലിലും പ്രതീക്ഷയുടെ പൊൻത്തിളക്കം തൂകി നിൽക്കുന്ന കണിക്കൊന്നയെ പുഷ്പമാതൃകയാക്കി ഏത് പ്രതിസന്ധിയിലും തളരാത്ത ദൈവ ത്തിന്റെ സ്വന്തംനാട്. നമ്മുടെ കേരള നാട്.അധ്വാനി ക്കാൻ മനസ്സുള്ള ഒരു കൂട്ടം മനുഷ്യരുടെ സ്വർഗ്ഗ മായിരുന്ന കേരളം . അധ്വാനിച്ചും സ്നേഹിച്ചും സന്തോ ഷത്തോ ടും കൂടി ഒത്തൊരുമയോടെ ജീവിച്ച ഒരു കാലമുണ്ടായിരുന്ന കേരളത്തിന്.' ദൈവ ത്തിന്റെ സ്വന്തംനാട്'എന്ന വിശേഷ ണത്തെ അന്വർഥമാക്കിയ നൻമകളിൽ വഴിന ടന്ന ജനത കേരളീയർ .അധ്വാനം കേരളത്തിന് ഉപജീവനം മാത്രമല്ല ,ജീവിതശീലം കൂടിയാണ്. നാടിന്റെ ഉയർച്ചയും വികസനവും സ്വപ്നം കണ്ടിരുന്ന കേരളീയർ ഒത്തൊരുമയോടും സന്തോഷത്തോടെ ജീവിച്ചിരുന്ന കാലം .*

*മൺമറഞ്ഞുപോയ , എന്നാൽ മലയാളി മനസ്സുകളിൽ ഇന്നും ജീവിക്കുന്ന മഹാന്മാരുടെ ജൻമനാട്. പല നാടൻ കലകളുടേയും പേറ്റില്ലം. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തെ അതിജീവിച്ച് ലോക ത്തിന് തന്നെ മാതൃകയായ നാടാണ് നമ്മുടെ കേരളം . സാക്ഷരത നേടിയ നാട്. എന്നാൽ അധ്വാനിക്കാനുള്ള മനസ്സുകൾക്ക് ഇന്ന് ക്ഷയം സംഭവിച്ചു കൊണ്ടിരിക്കുന്നു. കേരളം അന്യസംസ്ഥാന തൊഴിലാളി കളുടെ ഗൾഫായി മാറുകയാണ്. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പ ക്കാർ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങ ളിലേർപ്പെടുന്നു .ഇന്ന് അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയി ക്കേണ്ടി വരുന്ന അവസ്ഥ നമുക്കുണ്ടായിരിക്കുന്നു . ഇന്ന് അന്യസംസ്ഥാനത്തുനിന്ന് വരുന്ന വിഷമടിച്ച ഭക്ഷണ സാധനങ്ങൾ നാം പൈസ കൊടുത്ത് വാങ്ങി ഭക്ഷി ക്കുന്നു .അതുകൊണ്ടുതന്നെ കുട്ടികൾ പല മാരകരേഗങ്ങൾക്കും അടിമയായിക്ക ഴിഞ്ഞിരിക്കുന്നു .നമ്മുടെ കേരളത്തെ , ദൈവത്തിന്റെ സ്വന്തംനാടിനെ പഴയതു പേലെ സംരക്ഷിക്കേണ്ടതുണ്ട്.വരൂ..... നമുക്ക് ഈ നാടിന്റെ നഷ്ടപ്രതാപങ്ങൾ തിരികെ നൽകാം .കേരള ത്തിലെ ഓരോ ഗ്രാമങ്ങളും അവർ ക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ ഉൽപ്പാദിപ്പിച്ചു കൊണ്ട് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ നമ്മുടെ കേരളത്തെ സ്വയംപര്യാപ്തത യിലേക്ക് നയിക്കാം .*

കവിത



# ഒരേകാന്ത മൗനം

നിൻ സ്വന്ത മിഴികളിലെ മൗനം.
കണ്ണുനീരിലും മൗനം  അതിലൂടെ
ഹൃദയത്തിങ്കൽ ഒഴുകും എൻ മൗനം.
ഒന്നായി കാണുന്ന നിന്റെ മൗനങ്ങളെല്ലാം
ഒത്തുചേർന്ന് എന്നോട് ഇളം മൗനമായ്...
എന്നോട് നീ മൗനം സമർപ്പിച്ച്
എന്തിനെല്ലാം നീ മൗനം ചെയ്യുന്നു.
പുലരിയിലെ ഒഴുക്കിൽ എൻ
ഓർമകളായി നിന്റെ മൗനം
കണ്ണാൽ പെടുന്നതെല്ലാം
മറു പാകമായി അറിയുന്നു നിന്റെ സ്വപ്നം
മിണ്ടി മിണ്ടി തുടിപ്പെന്നിൽ
നേട്ടം പുലരുവാൻ
എത്ര നാളുകളായി ...എന്തിനീ മൗനം..
കാണുന്നതെല്ലാം നിന്നോട്
ചേർത്തുവച്ചതും എൻ മൗനം.
എല്ലാം നിൻ മനസ്സോട് വെച്ച്
ഒരായുസ്സ്  മുഴുവൻ ഞാൻ
കാത്ത് വെച്ച സ്വപ്നങ്ങളിൽ...
ഒരേകാന്തമൗനം വിടർന്നിരുന്നു

അഭിനാഷ്. ബി
9.A

---

കെട്ടടങ്ങിയ
ഒരു കൈത്തിരിയും അവസാനിക്കുന്നില്ല
ജ്യോതിസ്സുകളത്രയും ശാശ്വതജീവികൾ
തങ്ങളെ തെളിയിക്കുന്നവരെ
തങ്ങളുടെ ജനയിതാക്കളെ
അവർ സദാ സ്മരിക്കുന്നു
അവർക്കുവേണ്ടി പ്രാർഥിക്കുന്നു

**ഒ.വി. വിജയൻ**

# കൃഷി



ജാസിയ.എസ്
9.A

പിള്ളേച്ചന്റെ തോട്ടത്തിൽ
പച്ചക്കറികൾ പലതുണ്ടേ...........
കാച്ചിൽ,പീച്ചിൽ,
പടവല,പാവയ്ക്ക,വെണ്ട,വഴുതന
തെങ്ങിൻ കയറിയ കുരുമുളകും
കമുകിൽ കയറിയ വാനിലയും
കാറ്റത്തുതീരും നെൽക്കതിരും
വെള്ളരി,കുമ്പളങ്ങ കാണാന്
ബഹുരസ മാണെന്നെ...........
കുറുകി കൊഴുത്തൊരു വെച്ചൂരും
മറുമൊഴി മൊഴിയും തത്തമ്മ
ക്രുകി നടക്കും കൊ ക്കൊ ക്കൊ.......
നീന്തി നീങ്ങും മീനുകൾ
മനം കവരുന്നൊരു പൂന്തോട്ടം
കൺകവരുന്നൊരു സ്നേഹപഞ്ജരങ്ങൾ
ഇത്തര കൃഷിക്കു
ചൊല്ലുമതെന്തെന്നേ..............
ഇതുതാനല്ലോ സംയോജിത കൃഷി

സ്നേഹവും അഹിംസയും ജീവിതത്തെ
വിലയുള്ളതാക്കിത്തീർക്കും
ഗാന്ധിജി

കവിത

# മൗനം





വർഷ.ജി
8A

പുഞ്ചിരിയിൽ തഴുകുന്നീ മൗനം
കണ്ണീരിൽ പൊഴിയുന്നീ മൗനം
തൻ കൂട്ടായ്മയിൽ കലരും മൗനം
തൻ വാശിക്കു മുന്നിൽ നിൽക്കും മൗനം
സ്നേഹത്തിൽ വിടർന്നു നിൽക്കും മൗനം
കണ്ണിലെ മുത്തുകൾ പൊഴിയും കാലം
സ്നേഹത്തിൻ വിരൽത്തുമ്പായ്
സ്നേഹത്തണലായ് മാറുന്ന മൗനം
കണ്ണീരിൻ വിത്താണീ മൗനം
ഇളം തണുപ്പിൽ കുളിരുന്ന മൗനം
ആ മൗനത്തിലാണെൻ സ്നേഹം

**കൂരിരുട്ടിൻെറ മാറു പിളർക്കുവാൻ**
**ക്രൂരസൗന്ദര്യ ശുദ്ധമാം വാക്കുകൾ**
**നാരസിംഹേതി ബോധമായിന്നെൻെറ**
**നാവുകീറി വെളിപെടാറാകണം**
**നല്ലവാക്കുകൾ സത്യമായീടണം**
**സത്യമോതുവാൻ ശക്തിയുണ്ടാകണം**

**കടമ്മനിട്ട**

കഥ



# ഏകാന്തത



മാളവിക.യു

10A

*പത്ത് മണിയുടെ പ്രാർത്ഥനബെൽ മുഴങ്ങി  എല്ലാവരും ഓടി ക്ളാസ്സിൽ  കയറി. ഗണിതാധ്യാപകൻ ക്ലാസിൽ കയറിവന്നു. റെജിസ്റ്റർ എടുത്തു . അയിഷ... അയിഷ... വന്നിട്ടില്ല സർ. ആരോ ഒന്നുറക്കെ പറഞ്ഞു. സർ, വതിൽക്കൽ നിന്നൊരു വിളി. ഉം...എന്തേ വൈകിയത് കണ്ണടയിലൂടെ കണ്ണുരുട്ടി ഉറിച്ച് നോക്കി സാർ  ആയിഷ യോടായി ചോദിച്ചു .സാർ അത് ...ഒന്നും പറയണ്ട കൈ പൊക്കി ദാ ഇവിടെ വന്ന് നിന്നോ ,സാർ ഉച്ചത്തിൽ പറഞ്ഞു .ആയിഷ ബാഗ് താഴെവെച്ച് കൈഉയർത്തി നിന്നു. ഒന്നാംബെഞ്ചിൽ ഇരുന്നഅശ്വതി അടക്കി ചിരിക്കുന്നതും മറ്റുള്ളവർ ചെവിയിൽ കുശുകുശു പറയുന്നതും അവൾ ശ്രദ്ധിച്ചു. ക്ലാസിൽ എല്ലാവരും അവൾക്കെതിരാണ്. മുത്തശ്ശി യുടെ കൂടെയാണ് ആയിഷ ജീവിക്കുന്നത്. മുത്തശ്ശിക്ക് തീരെ വയ്യ. അവൾ മീൻ കച്ചവടം നടത്തിയാണ് ജീവിച്ചുപോവുന്നത് .സ്വയം അധ്വാനിച്ച്  ജീവിച്ച് കുടുംബം പുലർത്തി അവൾ ക്ലാസിൽ ഒന്നാമ തെത്തുന്നതിൽ എല്ലാവർക്കും അസൂയയാണ്.ചില അദ്ധ്യാപകരിൽ ചിലർക്ക് പുച്ഛവുമാണ് . സാർ ക്ലാസെടുക്കാനായി എഴുന്നേറ്റു. ഹും ..എന്താ ഇത് മൊത്തം കുപ്പ ആണല്ലോ. സാർ ഒന്ന് അലറി.ആരാ ഇന്ന് ക്ലാസെടുക്കേണ്ടേത്.ആരും ഒന്നും മിണ്ടിയില്ല. ഹാ...അല്ലേ വേണ്ടാ .ആയിഷ നിനക്കുള്ള ശിക്ഷ ഇതാണ്. ഇന്ന് ഈ  ക്ളാസ്സ് മുഴുവൻ നീ ഒറ്റയ്ക്ക് അടിച്ചുവാരണം.സാർ പോയതിന് ശേഷം ആയിഷ ഒറ്റയ്ക്ക് ക്ലാസ്സ് മുഴുവൻ അടിച്ചു. ആരും അവളെ സഹായിച്ചില്ല. ഉള്ളിൽ നീറ്റൽ ഒതുക്കി അവൾ ആ ജോലി കൃത്യമായി ചെയ്തു. ഡ്രസ്സെല്ലാം ആകെ മുഷിഞ്ഞു. ഒരു വിയർപ്പു ഗന്ധം. അവൾ ഒരു നെടുവിർപ്പോടെ ബെഞ്ചിന്റെ ഒരറ്റത്തിരുന്നു . പെട്ടന്ന് അയ്യേ ! എന്തൊരു നാറ്റം എന്നു പറഞ്ഞു കൊണ്ട് ബെഞ്ചിലുണ്ടായിരുന്ന ബാക്കി മൂന്നുപേരും എഴുന്നേറ്റു. ആയിഷ സങ്കടം ഉള്ളിലൊതുക്കി എഴുന്നേറ്റു. അവളുടെ ഹൃദയം ഏകാന്തമായ വേദനയിൽ മുഴുകി.*

കഥ



# ദിയയുടെ സന്തോഷം

ഒരു കൊച്ചു ഗ്രാമം. പച്ചവിരിച്ച നെൽപ്പാടങ്ങളും ഒഴുകുന്ന പുഴയും പച്ചില പോലെ തുളുമ്പിനിൽക്കുന്ന വയലുകളും ഇതിനിടയിലായി രണ്ടു കൊച്ചു വീട്.ആദ്യത്തേത് ദിശയുടെയും രണ്ടമത്തേത് പണക്കാരനായ ദിശയുടെ സുഹൃത്തിന്റെയും ആണ്. രാമന് പ്രത്യേകിച്ച് പണിയൊന്നുമില്ല. ലീല കച്ചവടം ചെയ്തു കിട്ടുന്ന കാശുമായാണ് ഇവരുടെ ജീവിതം.അതിനിടെ ഇവർക്ക് ഒരു കുഞ്ഞ് പിറന്നു. പെൺകുട്ടിയാണ്. ദിയ എന്നാണ് അവളുടെ പേര് .അങ്ങനെ അവൾ വലുതായി അവളുടെ അഞ്ചാം വയസ്സിൽ അവൾ ക്കൊരു പട്ടിക്കുട്ടി വേണമെന്ന മേഹം അവളുടെ മനസ്സിൽ ഉണർന്നു. അവളുടെ അചഛൻ അത് നിറവേറ്റി. കുട്ടൻ എന്നു പേരുള്ള ഒരു ചെറിയ പട്ടികുട്ടിയെ അവൾ വളർത്താൻ തുടങ്ങി. അവളുടെ അഞ്ചാം വയസ്സിലെ പിറന്നാൾ അവൾ ആ പട്ടിക്കുട്ടിയുമായി സന്തോഷത്തോടെ ആഘോഷിച്ചു. അവളുടെ വയസ് കൂടുന്തോറും പട്ടിക്കുട്ടിയുടെ വയസ്സും ആരോഗ്യവും കൂടാൻ തുടങ്ങി. അവൾ സ്കൂളിൽ പോവുമ്പോൾ പിന്നാലെ ആ പട്ടിക്കുട്ടിയും പോവാൻ തുടങ്ങി. ഒരു നാൾ ദിയ സ്കൂൾ വിട്ടു വരാൻ വൈകിയ നേരം പട്ടിക്കുട്ടി അന്വേഷിച്ചു പോയി. അവൾ ഒരു കടയിൽ നിന്ന് മിഠായി വാങ്ങാൻ കയറിയതായിരുന്നു.അന്നേരം ആ പട്ടിക്കുട്ടിക്കും അവൾ മിഠായി വാങ്ങി സന്തോഷത്തോടെ അവൾ വീട്ടിലേക്ക്മടങ്ങി. വീട്ടിലെത്തിയപ്പോൾ അവൾ ആ സന്തോഷ വാർത്ത അറിഞ്ഞു.അവൾക്ക് ഒരു കുഞ്ഞനിയൻ പിറക്കാൻ പോകുന്നു . ആ സന്തോഷത്തിനിടെ മറ്റൊരു ദു:ഖം ഉണ്ടായി. അവളുടെ പൊന്നോമന പട്ടികുട്ടി വണ്ടികയറി ചത്ത് റോഡിൽ കിടക്കുന്നു. ദിയയെ ഈ കാഴ്ച ദിവസങ്ങളോളം കണ്ണീരിലാഴ്ത്തി. അങ്ങനെ അവൾക്ക് അനിയൻ പിറന്നു. ദർഷിത്ത് എന്ന് പേരിട്ടു.ആരുടേയും അടുത്ത് അവൻ പോകില്ലായിരുന്നു. എന്നാൽ പതിയെ അവൻ എല്ലാരോടും ഇടപഴകാൻ തുടങ്ങി.അങ്ങനെ ദിയ പത്താം ക്ലാസ്സിലെത്തി. ദിയയുടെ പത്താം ക്ലാസ്സിലെ റിസൾട്ട് വന്നു. അവൾക്ക് എല്ലാ വിഷയത്തിലും A+ആയിരുന്നു. അന്നവൾക്ക് അച്ഛൻ സമ്മാനം നൽകിയത്ഒരു സൈക്കിളായിരുന്നു. അവൾക്ക് വലിയ സന്തോഷമായി. അപ്പോൾ ദർഷിത്ത് അവൾക്കരികി ലേക്ക് വന്നു. എന്നിട്ട് ഒരു പട്ടിക്കുട്ടിയുടെ പാവ നൽകി. ദിയയുടെ കണ്ണുകൾ നിറഞ്ഞു. മരിച്ചുപോയ പട്ടിയുടെ ഓർമ്മ അവൾക്കുണ്ടായി. അവൾ ദർഷിത്തിനെ കെട്ടിപ്പിടിച്ചു...........

ശ്രീപ്രിയ.എസ്
10A

കവിത





സുജന. കെ
9A

# രാപകൽ

അതിരാവിലെ ഉദിച്ചുയരുന്ന
ചെമ്പട്ടുടുത്ത് ദിനകരൻ
ആകാശം നിറഞ്ഞൊഴുകുന്ന വെള്ളിവെളിച്ചം
ദൈവസ്നേഹം പോലെ ശതകോടി കരങ്ങളായി
നമുക്ക് മേലെ പെയ്തിറങ്ങുന്നു........
ആകാശ ചക്രവാളം ചുവപ്പിൽ നനച്ച്
അസ്തമയത്തിലൂടെ യാത്രയാവുന്നു സൂര്യൻ
പിന്നെ വെളിച്ചമായ്......
പാൽവർണശോഭയെ കൈക്കുമ്പിളിലേന്തി
ചന്ദ്രനിലാവായെത്തുന്നു രാവിന്റെ മാറിൽ
പൂത്തിരി ചിതറുന്ന വെള്ളിനക്ഷത്രങ്ങളും
പെയ്യുന്ന മഞ്ഞും
പൂവിനെ തൊട്ടുണർത്തുന്ന പാതിരക്കാറ്റും
രാവിന്റെ മാസ്മരിക ഭംഗിയും
പൂത്ത് വിരിയുന്ന പൂവിന്റെ സുഗന്ധവും
നിറഞ്ഞ് പരക്കുന്ന യാമത്തിനൊടുവിൽ
കാത്തിരിപ്പുണ്ട്.......
ചെമ്പട്ടുടുത്ത്.

**ഒരു താരകയെ കാണുമ്പോളതു**
**രാവു മറക്കും, പുതുമഴ കാൺകെ**
**വരൾച്ച മറക്കും, പാൽച്ചിരി കണ്ടതു,**
**മൃതിയെ മറന്നു സുഖിച്ചേ പോകും,**
**മാനവഹൃദയം.**

**സുഗതകുമാരി**

കഥ

# ഏകയാണ്

' ഈ ലോകം എത്ര മനോഹരം'.ഒരു കുട്ടി ആലോചിച്ചു. അവൾ എന്നും ആലോചിക്കും ഇങ്ങനെ സുന്ദരമായതി നെപ്പറ്റി. ഒരു വലിയ വീട്ടിൽ അവൾതനിയെ ഇരുന്ന് ആലോചിക്കും. ആ വലിയ വീട്ടിൽ അവളും അച്ഛനും അമ്മയും മാത്രമേയുള്ളൂ. സ്കൂളിൽ നിന്ന് വന്നാൽ അവൾ ഒറ്റക്കാണ്.അമ്മയുമച്ഛനും നേരംവൈകിയാണ് വീട്ടിലെ ത്താറ്. ഒരു ദിവസം അവൾ സ്കൂളിലേക്ക് പോയി ഇത്തിരി വൈകിയാണ് എത്തിയത്. അവൾ എത്തിയതും ടീച്ചർ പഠിപ്പിക്കാൻ തുടങ്ങിയിരുന്നു. ടീച്ചർ 'മെ ഐ' ഉം, വാ സരിഗ ടീച്ചർ മറുപടിപറഞ്ഞു. അവൾ കയറിയിരുന്നു. ആ ക്ലാസ്സ് കഴിഞ്ഞു.ആ ദിവസം അവൾക്ക് ഇഷ്ടപ്പെട്ടി ല്ലായിരുന്നു. കാരണം ആ ദിവസം ഉച്ചയ്ക്ക്അവളുടെ കൂട്ടുകാ രികൾ എല്ലാവരും കൂടി ഒരു ടീച്ചർക്ക് നേരെ പരാതി കൊടു ത്തു. ഈ കാര്യം എങ്ങനെയോടീച്ചർ അറിഞ്ഞു. ടീച്ചറുടെ പേര് സീമഎന്നാണ്. സീമ ടീച്ചർ ആ ദിവസം ക്ളാസ്സിൽ വന്ന് ചോദിച്ചു ആരാണ് എനിക്ക് നേരെ പരാതി കൊടുത്ത ത്.ആരും മിണ്ടിയില്ല.കാരണം ടീച്ചറെ എല്ലാവർക്കും പേടി യാണ്. ടീച്ചർ പെട്ടെന്ന് ബഹളം വെച്ചു. പിന്നീട് എല്ലാം പെട്ടെന്നായിരുന്നു. കൊടുത്തവരെല്ലാം, ക്ളാസ് മുഴുവനും എണീറ്റു, സരിഗ ഒഴികെ.ടീച്ചർ എണീറ്റു നിന്ന എല്ലാവ രെയും ചീത്ത പറഞ്ഞു . പക്ഷെ സരിഗയെ അഭിനന്ദിച്ചു. കാരണം അവൾ എണീറ്റിട്ടില്ലല്ലോ. പിന്നീട് മുതൽ ടീച്ചർ സരിഗയെ ശ്രദ്ധിക്കാൻ തുടങ്ങി.അവളെ അഭിനന്ദിച്ചത് വേറെ ആർക്കും ഇഷ്ടപ്പെട്ടില്ല .ടീച്ചർ പോയപ്പോൾ എല്ലാ വരും അവളെ കുറ്റപ്പെടുത്തി. ഇനി നിന്നോട്ഞങ്ങൾ മിണ്ടില്ല. ഒന്നുമല്ലെങ്കിലും ഞങ്ങൾനിന്റെ കൂട്ടുകാരല്ലേ .അവർ പറഞ്ഞു. അപ്പോൾ അവളും വിട്ടു കൊടുത്തില്ല. എന്നോടു ചോദിച്ചിട്ടല്ല ല്ലോ നിങ്ങൾ പരാതികൊടുത്തത്. ഹും ഇനി നിന്നോട് ഞങ്ങൾ മിണ്ടില്ല. അവൾക്ക് ശരിക്കും വിഷമമായി. സ്കൂളിൽ പോകു മ്പോൾ മാത്രമാണ് അവൾ ഒറ്റക്കല്ലാ എന്ന് തോന്നുന്നത് . പക്ഷെ അവൾ ഇന്ന് ആകെ തളർന്ന് പോയി. സ്കൂളിൽ ബെല്ലടിച്ചു. അവൾ മാത്രം ഒറ്റക്കു ആ ഏകാന്തതയിൽ മെല്ലെ നടന്നകന്നു



അമൃത.പി
8. A

കവിത

# കാലത്തിൻെറ കറക്കം



സാനിയ.കെ

8A

*മഴയുടെ നനുത്ത കുളിരും*
*വെയിൽ ചിറകിലേറി മാഞ്ഞുപോകും*
*കണ്ടതും വെട്ടിപിടിച്ചതും*
*കാലചക്രത്തിന്റെ രഥത്തിലേറി*
*മാറ്റങ്ങളൊക്കെ മാഞ്ഞു പോകും*
*നെഞ്ചിടിപ്പിന്റെ കിതപ്പിൽ നിന്ന്*
*പ്രാണവായുവും വറ്റി പോകും ..*
*മണ്ണിലലിയുന്ന പൂവ് പോലെ*
*പച്ചപ്പ് വറ്റി കൊഴിയുന്ന*
*കുഞ്ഞിലപോലെ*
*കാലരഥത്തിന്റെ വേഗതയിൽ*
*ബ്രഹ്മാണ്ഡം പോലും*
*കൊഴിഞ്ഞുവീഴും.......*



കവിത



# പ്രളയം പഠിപ്പിച്ചത്.....




സ്നേഹ.പി
8B


കൊടും ക്രൂര മനുഷ്യരാം നമ്മളെ-
പ്രളയം പഠിപ്പിച്ച പാഠങ്ങൾ
ദൈവത്തിൽ പുണ്യനാടാം കേരളത്തിൽ
ദൈവം മനുഷ്യരുപമാർന്ന് വന്നിരുന്നു
തോടും പുഴയും പാടവും മലരണിക്കാടും
ഒത്തൊരുമിച്ചുള്ളൊരീ കേരളനാട്ടിൽ
മനുഷ്യൻ മനുഷ്യത്വമോടെ കഴിഞ്ഞിരുന്നു
സ്വാർഥതയിൽ വെട്ടിപ്പിടിച്ചതും
കെട്ടിയുയർത്തിയതും തകർന്നടിഞ്ഞതും
ഈ പ്രകൃതി പഠിപ്പിച്ച പാഠങ്ങളാം
നമ്മെ പ്രളയം പഠിപ്പിച്ച പാഠങ്ങളാം

---

ഇവിടെയുണ്ട് ഞാൻ
എന്നറിയിക്കുവാൻ
മധുരമാമൊരു ക്കുവൽ മാത്രം മതി
ഇവിടെയുണ്ടായിരുന്നു ഞാനെന്നതി
നൊരു വെറും ളുവൽ താഴെയിട്ടാൽ മതി
ഇനിയുമുണ്ടാകുമെന്നതിൻ സാക്ഷ്യമായി
അടയിരുന്നതിൻ ചൂട് മാത്രംമതി
ഇതിലുമേറെ ലളിതമായെങ്ങനെ
കിളികളാവിഷ്ക്കരിക്കുന്നു ജീവനെ
( ലളിതം) (പി.പി.രാമചന്ദ്രൻ)

കവിത



# രാത്രിശോഭ



**കീർത്തി.കെ**

**8A**

*അടച്ചിട്ട മുറിയുടെ ജനാല-*
*പ്പാളികൾക്കിടയിലൂടെ*
*മന്ദം മന്ദമായ് വന്നെന്നെ*
*തഴുകിയുണർത്തി*
*മെല്ലെയെൻ മിഴികളൊന്നു*
*മിഴിച്ച ഞാൻ*
*തെല്ലൊരു മന്ദഹാസവുമായ്*
*മെല്ലെയെഴുന്നേറ്റു, ഞാനെന്റെ*
*മിഴികൾ അവിടെയാകെ*
*പരതിനോക്കി*
*അത്ഭുതം,അത്ഭുതം*
*എന്തൊരു ശോഭയാണീ-*
*നിലാവുള്ള പാതിരാവ്*
*കണ്ണുചിമ്മും താരകൾക്കിടയിൽ*
*അമ്പിളിമാമൻ പുഞ്ചിരിക്കുന്നല്ലോ*
*രാവിന്റെ ദീപങ്ങളാമീ മിന്നാമിനുങ്ങുകൾ*
*അവിടെയൊട്ടാകെ നിലാവുനൽകി*
*ശോഭ തുകുമീ പാതിരാവിലൊ-*
*ന്നിറങ്ങി നടക്കാൻ മനംതുടിച്ചു*
*ഒരു മിന്നാമിനുങ്ങായ്*
*പിറവിയെടുത്തെങ്കിൽ*
*എന്തു സുന്ദരമാകുമാ ജീവിതം*
*പാതിരാവിന്റെ നിലാകുളിരിൽ*
*ഉടൽ നിറച്ച്, മനം നിറച്ച്*
*മറ്റൊരു നക്ഷത്രമാകാൻ*
*അനന്താകാശത്തിലേക്ക്..........*

കവിത

# എൻെറ അമ്മ





സുജിൻ.എസ്
6A

എന്നും എന്നെ എഴുന്നേൽപ്പിച്ച്
കാപ്പി തരുന്നൊരു യന്ത്രമുണ്ടേ..യന്ത്രമുണ്ടേ......
എന്നും അടുക്കളയിൽ ജോലി ചെയ്യുന്നൊരു
യന്ത്രമാണേ..... യന്ത്രമാണേ.....
ഞാനൊന്ന് നോക്കിയാൽ എനിക്കൊരുമ്മ
തരുന്നൊരു യന്ത്രമാണേ...യന്ത്രമാണേ.....
ചെറുപ്പത്തിൽ കൊഞ്ചി വളർത്തും
വളർന്നാൽ നേരു പറഞ്ഞു വളർത്തും
സ്കൂളിൽ പോകാൻ മടികാണിക്കുമ്പോൾ
നേരു പറഞ്ഞു നടത്തും യന്ത്രമാണേ.........
തെറ്റു ചെയ്താൽ അടിയും നല്ലതു ചെയ്താൽ
നല്ല കുട്ടി എന്ന് പറയും യന്ത്രമാണേ....
എനിക്ക് മറക്കാൻ കഴിയാത്ത യന്ത്രമാണേ.....
യന്ത്രമാണേ.... യന്ത്രമാണേ...യന്ത്രമാണേ...
ആ യന്ത്രമാണെൻ അമ്മ എൻ പൊന്നമ്മ
ആ അമ്മയെ ഞാൻ മറക്കില്ലാ,
ആരും മറക്കരുതെ...

**മറ്റുള്ളവരെ വേദനിപ്പിക്കാത്തവൻ
ആരോ അവനാണ് യഥാർഥമാന്യൻ**

**കാർഡിനൽ**

# ഗുരു ശിഷ്യ ബന്ധം....



ദൃശ്യ എം
8 A




ഗുരു ശിഷ്യ ബന്ധം എന്നത് മഹത്യപൂർണ്ണമായ ഒന്നാണ്. എന്നാൽ,പുതുതലമുറ ആ ബന്ധത്തിന് യാതൊരു പ്രാധാന്യവും നൽകുന്നില്ലകുട്ടികളിലെ അന്ധകാരമാവു ന്ന അജ്ഞാനത്തെ,അവരിലെ അറില്ലായ്മകളെ അകറ്റി അവരിലേക്ക് അറിവിന്റെയും പുതുജ്ഞാനത്തിന്റെയും പ്രകാ ശം നൽകുന്നവരാണ് അധ്യാപകർ. അവരാണ് നമ്മെ നമ്മു ടെ ഭാവിയിലേക്ക് കൈപിടിച്ചുയർത്തുന്നത്, അവരിലൂടെ മാത്രമേ അറിവിന്റെ പ്രകാശത്തെ  നേടാനാവൂ. അവരിലൂടെമാത്രം. ആ ഗുരുക്കൻമാരെ ഈ പുതുതലമുറ ബഹുമാനിക്കുന്നില്ല .. ഇന്നത്തെ കാലത്ത് ആഴത്തിലുള്ള ഗുരുശിഷ്യബന്ധം വിരളമാണ്. ആ മഹത്വമുള്ള ബന്ധത്തെ പലരും അംഗീകരി ക്കുന്നില്ല. അധ്യാപകരെ കണ്ടാൽ ഒരു ബഹുമാനവുമില്ലാത്ത കുട്ടികളാണ് സമൂഹത്തിലുള്ളത്. നമ്മെ നല്ലതേതെന്നുംചീത്ത യേതെന്നും പഠിപ്പിച്ച് മാതാപിതാക്കളെ പോലെ തന്നെ നമ്മെ സ്നേഹിച്ചും അനുഗ്രഹിച്ചും നമ്മുടെ നല്ലതു മാത്രം ആഗ്രഹിച്ചും അവർ നമ്മെ സ്നേഹമെന്തെന്നും സൗഹൃദമെന്തെന്നും പഠിപ്പി ക്കുന്നു. വിദ്യാലയത്തിൽ നിന്നാണ് നാം അത് പഠിക്കുന്നത്. ഒരു ബെഞ്ചിൽ അടുത്തടുത്തിരുന്ന്  പരസ്പരം കൂട്ടുകൂടുമ്പോൾഅവിടെ സൗഹൃദമുണ്ടാവുന്നു.ജാതിയും മതവും ഇല്ലാതാവുന്നു. അതെല്ലാം പഠിപ്പിക്കുന്നത് ഗുരുവാണ്. മാതാപിതാ ഗുരുദൈവം എന്ന് കൊണ്ട് ഉദ്ദേശിക്കുന്നത് ഗുരുവിനാണ് മൂന്നാം സ്ഥാനം. അറിവാണ്എല്ലാവരേയും പൂർണ്ണനാക്കുന്നത്. മനുഷ്യത്വവും സ്നേഹവും സൗഹൃദവും ഊന്നുവടിയാക്കി ജീവിക്കണമെന്ന് പഠിപ്പിക്കുന്ന ഗുരുവിലൂടെ മാത്രമാണ് പുതു തലമുറയ്ക്ക് നൻമ അറിയാനാവൂ. ഇതുപോലുള്ള ബന്ധങ്ങൾ ഇനിയും ഉണ്ടാവട്ടെ. . . . ലോകം ഇവിടെ പുലരട്ടെ. . . . . .

കവിത

# സ്നേഹമാണ് നീ



ഷാനാ ഷംസു
8.A



മൗനം മനസ്സിന്റെ ഉൾതട്ട്..
മൗന മഴ പാറിനടക്കുന്നു
എല്ലാം മൗനമാണ് സന്ദേഷം
സൂര്യനായ് ആകാശത്തിലും മൗനം
ചന്ദ്രനും നക്ഷത്രങ്ങൾക്കുമിടയിൽ
വെയിലിനും തണുപ്പിനുമിടയിൽ
ഭൂമിക്കും ആകാശത്തിനുമിടയിൽ
അങ്ങനെ എല്ലായിടവും മൗനം
സ്നേഹമായ് പൊഴിയും എൻ മനസ്സിൽ
നിൻ മുഖം കാണുന്നു ഞാൻ
നിന്റെ മൗനം എൻ നെഞ്ചിന്റെ പാലാഴി..
അറിയുന്നു ഞാൻ നിന്റെ സ്നേഹം
നിൻ സ്വരം ഞാൻ അറിയുന്നു
നിൻ മൗനത്തിലൂടെ ഞാനും നീയും ....
എന്തിനാണ് നീ എന്നെ
ദുഃഖത്തിലേക്ക് വീഴ്ത്തിയത്.

പവിത്രമായ, ദൈവികമായ
ആ അഗ്നി മനസ്സിൽ ജ്വലിച്ച് നിൽക്കുന്നവർ
മാത്രമേ ദൈവത്തിനെയും അദ്ദേഹത്തിന്റെ
ചെയ്തികളെയും ചോദ്യം ചെയ്യാൻ തുനിയൂ.
എല്ലാ ചോദ്യങ്ങളും ഉത്തരങ്ങളും
അവസാനം കൊണ്ടുചെന്നെത്തിക്കുക
അവിടുത്തെ നിസ്സീമമായ കാരുണ്യത്തിലാണ്
എന്നും അവർ ഒടുവിൽ കണ്ടെത്തുന്നു.
അവർ ക്രമേണ മനസ്സിലാക്കുന്നു,
ജീവിതത്തിലെ ദുരന്തങ്ങൾ വാസ്തവത്തിൽ
ദൈവം മനുഷ്യന് നൽകുന്ന
ശിക്ഷകളല്ല ; വെല്ലുവിളികളാണ്.

(ഫിഫ്ത്ത് മൗണ്ടൻ) (പൗലോകൊയലോ)



# വാത്സല്യം



സ്നേഹ.പി.എസ്
10A

ഒരു കുഞ്ഞിന്റെ
കണ്ണുനിറഞ്ഞു നിൽപ്പതു....
എൻ മനതാരിൽ
ആരോ വിളിച്ചുണർത്തുന്നു
ദു:ഖത്തിന്റെ  മാതൃഭാവത്തെ
കണ്ടവർ കണ്ടവർ കളിച്ചു-
ചിരിച്ചു രസിപ്പതെങ്കിലും
എൻ മനം നൊന്തു പിടയുന്നു...

എൻ കുഞ്ഞല്ലെങ്കിലും
പൈതലേ,നിനക്കായ്
എൻ മനം തുടിക്കുന്നു.
നിന്റെ കണ്ണീർക്കണങ്ങളൊ
രമ്പായതും എൻ ഹൃദയത്തിൽ
വന്നാഞ്ഞ് തറച്ചതും
എങ്ങനെയെന്നറിയില്ല..........



കഥ

# വാക്കുകൾ മറികടന്ന്



കീർത്തി.കെ
8A

പതിവു പോലെ ഉച്ചയ്ക്ക് ഉച്ചഭക്ഷണത്തിനായുള്ള നാദം മുഴങ്ങി.ടിണ് ,ടിൺ,ടിൺ.എല്ലാവരും പുസ്തകം ബാഗിലേക്കു തിരുകിക്കയറ്റി ക്ലാസിന്റെ പുറത്തേയ്ക്ക് ഓടുവാൻ നിൽക്കുമ്പോൾ ടീച്ചർ ക്ളാസിലേക്ക് കയറി വന്നു .ടീച്ചർ എന്താണ് പതിവില്ലാതെ ഈ നേരം ക്ലാസിലേക്കു കയറി വന്നതെന്നറിയുവാനുള്ള ആകാംക്ഷയിൽ എല്ലാവരും കാതോർത്ത് നിൽക്കുകയാണ്. എന്താ ടീച്ചർ ഈ നേരം?നിശബ്ദതയിൽ നിന്ന് ഒരു ചോദ്യം.അത് അനുവായിരുന്നു.ടീച്ചർ ഉത്തരം എന്നതിനുപരി ഞങ്ങളെ നോക്കി പറഞ്ഞു.മക്കളെ, ഇത് നമ്മുടെ സ്കൂളാണ്.അത് സൂക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്ത്വമാണ്.അതുകൊണ്ട് ഭക്ഷണാവശിഷ്ടങ്ങൾ വേസ്റ്റ് കുഴിയിൽ മാത്രമേ നിക്ഷേപിക്കാവു .എന്നിട്ട് ടീച്ചർ പതിയെ അവിടെ നിന്നും നീങ്ങി. അങ്ങനെ ഞങ്ങൾ ഭക്ഷണം കഴിച്ചു കഴിഞ്ഞ് ക്ലാസിലേക്കു കയറുവാനുള്ള ബെൽ അടിക്കാറായി. ധൃതിയിൽ പാത്രം കഴുകുവാനായി വന്ന അനുവും കൂട്ടുകാരും ടീച്ചർ പറഞ്ഞതോർക്കാതെ ഭക്ഷണാവശിഷ്ടങ്ങൾ പൈപ്പിൻ ചുവട്ടിൽ നിക്ഷേപിച്ചു. കൈ കഴുകി ക്ലാസിലേക്കാടി. അപ്പോഴേക്കും മുഴങ്ങി ടിൺ,ടിൺ ടിൺ. പിറ്റേന്ന് ഇതേ സമയം. കൈകഴുകുവാനായി കുതിക്കവെ എല്ലാവരും മൂക്കു പൊത്തുന്നു. ഇന്നലത്തെ ഭക്ഷണവേസ്റ്റ് ചീഞ്ഞതുകൊണ്ടുള്ള ദുർഗന്ധമായിരുന്നു അത്. അപ്പോഴാണ് അവർ ടീച്ചറുടെ വാക്കുകളെ ഓർമിച്ചത്. അവർ സ്തംഭിച്ചുനിന്നു. അപ്പോഴേക്കും ടിൺ,ടിൺ ടിൺ നാദം മുഴങ്ങിയിരുന്നു.





# അമ്മമലയാളം

കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിൻെറ
ഈണച്ചതിച്ചേലറിഞ്ഞു ചിരിച്ചൊരാൾ
ഞെട്ടിത്തെറിച്ചു തകർന്നു ചോദിക്കുന്നു
വിറ്റുവോ നീ എൻെറ ജീവിതഭാഷയെ
ഓലയും നാരായവും കാഞ്ഞിരത്തിൻെറ
ചോലയിൽ വച്ചു നമിച്ചു തിരിഞ്ഞൊരാൾ
ആദിത്യനേത്രം തുറന്നു ചോദിക്കുന്നു
ഏതു കടലിൽ എറിഞ്ഞു നീ ഭാഷയെ

കരിപ്പുഴ ശ്രീകുമാർ

കഥ

# കൊതിയ്ക്കുന്നു, അമ്മയ്ക്കായ്



ദൃശ്യ.എം
8A



ക്വിക്ക് കിക്ക് കിക്കീ പക്ഷികളുടെ ശബ്ദം രാവിലെത്തന്നെ കേൾക്കാൻ തുടങ്ങി.അവ ഉണരുന്നതു പോലും അടുത്തുള്ള വീട്ടിലെ രാധാമണിയമ്മ പൂജാമുറിയിൽ മണിയടിക്കുന്ന ശബ്ദം കേട്ടാണ് .ആ വീട്ടിൽ രാധാമണിയമ്മ ഒറ്റയ്ക്കാ. കൂടെ ആരുമില്ല. മക്കളെല്ലാം വിദേശ ത്താണ് .വല്ലപ്പോഴും മാത്രമേ അവർ വീട്ടിലേക്ക് വരൂ.രാധാമണിയമ്മയ്ക്ക് കൂട്ടിന്, കിങ്ങിണി പശുവും മക്കളുടെ ഓർമ്മകളും മാത്രം. രാവിലെ രാധാമണിയമ്മ പശുവിന് പുല്ല് കൊടുക്കാൻ പോവുമ്പോൾ പശുവിനോട് പറയുകയാ, എന്താടീ നിന്റെ മുഖത്തൊരു വാട്ടം,ഞാൻ പറഞ്ഞതൊന്നും ഇഷ്ടപ്പെട്ടില്ലെന്ന് തോന്നുന്നു, പിന്നെ,രാവിലെ പാൽ നേരെ കിട്ടുന്നേയില്ലല്ലോ, അതുകൊണ്ടാട്ടോ ഞാൻ പറഞ്ഞത് എന്നോട് നീ ക്ഷമിക്ക്. ഇതെല്ലാംകേട്ട് കിങ്ങിണി പശു ഒരു തലയാട്ടലാ. കുറച്ച് നേരം കഴിഞ്ഞ് അതാ പുറത്താരോ വിളിക്കുന്നു. രാധാമണിയമ്മ ചോദിച്ചു ആരാത് രാമു അല്ലേടാ. എന്ന് അതെ എന്ന് പോസ്റ്റുമാൻ രാമു ഉറക്കെ വിളിച്ച് പറഞ്ഞു.മക്കളുടെ കത്ത് ആയിരിക്കും അല്ലേ എന്ന് രാധാ മണിയമ്മ രാമുവിനോട് പറഞ്ഞു. രാമു കത്ത് കൊടുത്തിട്ട് പോയി. കത്ത് വായിച്ച് രാധാമണിയമ്മ ഞെട്ടി പ്പോയി. മകൾ ആ വീട് മറ്റാർക്കോ വിറ്റു എന്നും അമ്മ ആ വീട്ടിൽ നിന്നും ഉടൻ തന്നെ ഒഴിയണം എന്നുമാണ് ആ കത്തിൽ എഴുതിയിരുന്നത്. അവർ മൂന്നു ദിവസത്തിനകം എത്തുമെന്നും ഒരു പുതിയ ബിസിനസ് തുടങ്ങുകയാണെന്നും, അത് തുടങ്ങുമ്പോൾ അമ്മയെകാണരുതെന്നും അവർ അതിൽ ആവശ്യപ്പെട്ടിരുന്നു. അമ്മ ആ കത്ത് വായിച്ച് ആകെ തളർന്ന് പോയി. ആ നല്ല നല്ല ഓർമ്മകളുള്ള ആവീട് മറ്റാർക്കോ വിൽക്കുകയും ചെയ്തു തന്നെ ഇറക്കി വിടാൻ അവർ തീരുമാനിച്ചു എന്നും ഓർത്തോർത്ത് രാധാമണിയമ്മ അവിടെ കിടന്ന് മരവിച്ചു പോയി.ആ വീട്ടിൽ മക്കൾ എത്തുമ്പോൾ ആ അമ്മയുടെ ശവശരീരം അവർക്ക് കാണേണ്ടി വന്നു.അവർക്ക് ആ ശവശരീരത്തിനു മുന്നിൽ നിൽക്കാൻ പോലുമുള്ള യോഗ്യത ഇല്ലായെന്ന് അവർഅവസാനമാണ് തിരിച്ചറിഞ്ഞത്.ആ വീട് അവർ തിരിച്ച് വാങ്ങി. അമ്മയുടെ ശരീരം അവിടെതന്നെ കുഴിച്ചിട്ടു പക്ഷികൾക്ക് ഇനി ഉണരാൻ പൂജാമുറിയിലെ മണിയുടെ ശബ്ദം കേൾക്കില്ലാ.കിങ്ങിണി പശുവിനോട് സംസാരി ക്കാനോ വഴക്ക് പറയാനോ ആരും തന്നെ ഇല്ല. നഷ്ടം മക്കൾക്കു തന്നെ . അവർ മനസ്സിലാക്കട്ടെ അവരുടെയെല്ലാം വേദന .....

കഥ



# അച്ഛന്റെ സമ്മാനം...

കുക്കർ വിസിവലടിക്കുന്നതിന്റെ ശബ്ദം, ടീവിയുടെ ശബ്ദം, അലക്കുന്നതിന്റെ ശബ്ദം,എല്ലാം തരണം ചെയ്താണ് ലിസി പോസ്റ്റുമാന്റെ മണിയടി ശബ്ദം കേട്ടത്. ലിസി വാതിൽ തുറക്കാൻ വൈകിയിരുന്നു. അപ്പോഴേക്കും പോസ്റ്റുമാൻ കത്ത് തറയിലിട്ട് നടന്നിരുന്നു. . . . .എന്നെത്തയും പോലെ കത്ത് ആഹ്ലാദത്തൊടെയാണ് ലിസി പൊട്ടിക്കാറ്. ആദ്യംതന്നെ എന്റെ പൊന്നു മോളുന് സുഖമാണോ?എന്നായിരിക്കും എഴുതിയിട്ടുണ്ടാവുക. ആ വരി വായിക്കാനാണ് ലിസിക്ക് ഏറെ ഇഷ്ടം. പക്ഷേ ഇപ്രാവശ്യം ലിസി കത്ത് വായിച്ചപ്പോൾ തിരമാല ആഞ്ഞടിച്ചതുപോലെ അവളുടെ മനസ്സ് സന്തോഷം കൊണ്ട് അലയടിച്ചു. ലിസിക്ക് നാളെ കത്തിനോടൊപ്പം ഒരു സമ്മാനം നൽകുമെന്ന്. ഇത് അറിഞ്ഞ ലിസി നിലത്തുറയ്ക്കാതെയായി. ലിസി തീർച്ചപ്പെടുത്തി ഉടുപ്പായിരിക്കും. ഇടയ്ക്ക് അമ്മയും ലിസിയെ വട്ടം തിരിപ്പിക്കും. ചിലപ്പോൾ പാവയാണങ്കിലോ. ലിസി ചിന്തിച്ചു"കർത്താവേ അച്ഛന്റ തരുന്ന സമ്മാനം എനിക്ക് വളരെ ഇഷ്ടമാവണേ . . .അവസാനം വരെ എന്റെ കൂടെ തന്നെ ഉണ്ടാകണേ . . ."അമ്മ ചിരിച്ചു. ലിസി ഉറങ്ങാതെ തന്നെ നേരം പുലർത്തി. സമ്മാനം സ്വീകരിക്കാൻ നേരത്തെ തന്നെ പോസ്റ്റുമാനെ കാത്തിരുന്നു.പക്ഷേ പോസ്റ്റുമാൻ റോഡിന്റെ മറുവശത്തായിരുന്നു. അവൾ വീട്ടിൽ നിന്നിറങ്ങി റോഡിലെത്തി. അയാളുടെ കയ്യിൽ ഒരു പൊതിയുണ്ടായിരുന്നു. ലിസിയുടെ മനസ്സ് അത് എത്തിപ്പിടിക്കാൻ ശ്രമിച്ചു. പോസ്റ്റുമാൻ റോഡിന് മറുവശത്തുനിന്ന് ആരോടെ സംസാരിക്കുകയായിരുന്നു. പെട്ടെന്ന് ലിസിയെ അദ്ദേഹം കണ്ടു. ഇങ്ങോട്ട് വരാൻ കൈ കൊണ്ടു ആംഗ്യം കാണിച്ചു. ലിസി എതിരെ വരുന്ന വാഹനം ശ്രദ്ധിക്കാതെ റോഡു മുറിച്ചുകടക്കാൻ ശ്രമിച്ചു. പിന്നെ അവൾ കണ്ണു തുറക്കുന്നത് ആശുപത്രിയിലാണ്. ലിസിയുടെ കാലുകൾ നഷ്ടപ്പെട്ടു. അപ്പോൾ ഒരാൾ ആ പൊതി ലിസിയുടെ അമ്മയുടെ കൈയ്യിൽ ഏൽപ്പിച്ചിരുന്നു. അമ്മ അത് അവളുടെ കൈയ്യിൽ കൊടുത്തു. ലിസി അത് തുറന്നപ്പോൾ അന്ധാളിച്ചു പോയി.ഇന്നലെ വരെഅവളുടെ ചങ്ങാതിയായിരുന്നു. പക്ഷേ ഇന്നിപ്പോൾ അവൾക്ക് അത് എത്തി പിടിക്കാൻ പറ്റാതെയായി. ആ മനോഹരമായ പാദരക്ഷകൾ അവളുടെ കണ്ണുകളെ വിസ്മയിപ്പിച്ചെങ്കിലും മനസ്സിനെ വേദനിപ്പിച്ചു. അവൾ പാദരക്ഷകൾ തലോടവെ പിന്നിൽ ഒരു മൂളൽ കേട്ടു. അത് ലിസിയുടെ അമ്മ പുറകിൽ നിന്ന് കരയുകയായിരുന്നു. . . . . . . . . . .

ശ്രീലക്ഷ്മി. എം
10.A

കവിത




# പ്രകൃതി മനോഹരി



മേഘ.എം
10A

*പ്രകൃതിനീ എത്ര മനോഹരി !*
*വർണ്ണവിസ്മയം നിൻ ദർശനം*
*ആയിരം വൃക്ഷശിഖരങ്ങളും*
*അതിൽ പതിനായിരം കിളികളും*
*കിളികൾ തൻ ഗാനവും*
*അതിലലിയും മന്ദമാരുതൻ മർമരവും*
*ഒഴുകും പുഴ തൻ സംഗീതവും*
*നിറയും പൂക്കൾ തൻ നറുഗന്ധവും...*
*പ്രകൃതി നിൻ മനോഹാരിത*
*അതിൽ മയങ്ങുന്നൊരെൻ ചെറുമനവും*
*ശിശിരം തരും മഞ്ഞിൻ തണുപ്പും*
*വർഷം തരും മഴയിൽ കുസൃതിയും*
*വസന്തം തരും പൂക്കളിൽ സുഗന്ധവും*
*ഗ്രീഷ്മം തരും എരിയുന്ന വെയിലും*
*നൽകുന്ന നിൻ ദൃശ്യഭംഗി*
*അതിലലിയുന്നൊരെൻ ചെറു മനവും*



സ്നേഹത്താൽ നിറഞ്ഞ ഒരു ഹൃദയവും
മറ്റുള്ളവരെ കേൾക്കാൻ തയ്യാറുള്ള ഒരു ചെവിയും
മറ്റുള്ളവരെ സഹായിക്കാൻ  തയ്യാറുള്ള
ഒരു കൈയുമാണ് ഒരു വ്യക്തിയുടെ
ഏറ്റവും ഉപകാരപ്രദമായ ആസ്തികൾ
അല്ലാതെ അറിവ് നിറഞ്ഞ ഒരു ശിരസ്സല്ല.

*(എ.പി.ജെ. അബ്ദുൾകലാം)*

കവിത





മേഘ.എം

10A

# വസന്ത സ്വപ്നങ്ങൾ

ബാല്യകാലം മുതൽ അക്ഷരകാൽപ്പാടിനാൽ
കാവ്യം കുറിക്കുമെൻ കലാലയം.....
കയ്പ്പാൽ മധുരിക്കും കടലോളം കിനാവുകൾ
കാർന്നെടുത്തു ഞാൻ കരിമ്പിൻ രസമോടെ
കലാലയ രൂപമെന്നിൽ കടലോളം കിനാവുകൾ നിറയ്ക്കേ...
ഓർത്തുപോകുന്നു ഞാനെൻ മധുരമാ വസന്തം
മധുരസ്മരണകൾ........
കുട്ടുകാരൊത്ത് കുട്ടു കൂടിക്കളിച്ചതും
നാട്ടുമാവിൻ ഗന്ധം നുണഞ്ഞതും
കുപ്പി വളകളാൽ കോറി വരച്ച ഞാൻ
കലാലയ ഭിത്തികൾ തൻ ശിലയിൽ
ഹൃത്തിൽ മുഴങ്ങും ഗാനമായ്
പുസ്തകതാളിൽ വിരിയും താളമായ്
കാർ പാകി മേഘം വിതറി വർഷിക്കും
മഴയോർമ്മകൾ തൻസുഗന്ധമാണെൻ പുഷ്പിത-
വസന്തകാലെ............

കവിത

# ഒരു ബ്ളാക്ക്&വൈറ്റ് ചിത്രം






അനിത.എൻ
9A

അമ്മിഞ്ഞയൂട്ടി സ്നേഹം കടലാക്കിയ 'അമ്മ'
നെഞ്ചിലെച്ചൂടിന്റെ കരുതലിൽ വഴിനടത്തിയ 'അച്ഛൻ'
അമ്മയും അച്ഛനും  ദൈവങ്ങളെന്ന്
ഹൃദയത്തിൽ വിളക്ക് കൊളുത്തി ചെല്ലുന്നു ഞാൻ.
പഴകി മഞ്ഞിച്ച പോലെ ഒരു ബ്ലാക്ക് & വൈറ്റ് ചിത്രം
ഓർമ്മകൾ ഭൂതകാലത്തിലേക്ക്,
ഞാനിപ്പോൾ L.K.Gയിൽ
നിറമുള്ള കാഴ്ചകൾ, ഞാൻ ചൊല്ലിത്തുടങ്ങുന്നു
മാതാ.. പിതാ.... ഗുരു...
പിന്നെ കുട്ടികൾക്കൊപ്പം
പഠിച്ച-ുതുടങ്ങുന്നു A B C D..  ഒടുവിൽ z
കൗതുകത്തിന്റെ ചായംപുരട്ടിയ കണ്ണുകൾ
തിരിച്ചറിവിന്റെ നീലാകാശത്തിലേക്ക്.....
ഞാൻ 10-ൽ പഠിക്കുന്നു
പ്രതീക്ഷയുടെ താങ്ങാഭാരമേന്തുമ്പോൾ
കാലുകൾക്കിടർച്ചയില്ല........ കാരണം
എന്റെ അരികിൽ ഒരു സ്നേഹക്കടലുണ്ട്....
വഴിനടത്താൻ കരുതലിന്റെ വിരൽത്തുമ്പുണ്ട്

തിരിനാളത്തിനുള്ളിൽ
ഒരു ആത്മാവുണ്ട്
തിരിയുടേതല്ല
നാളത്തിൻെറതല്ല
കെട്ടുപോകുന്നതിന് മുമ്പുള്ള
ജീവീതത്തിൻെറ....

സെബാസ്റ്റ്യൻ



# വിരാമം

അശരണരിൽ അരുളിമയുടെ
സാഗരഗീതമെഴുതി, സ്വർണപട്ടുടുത്ത
ഹൃദയാകാശത്തിൽ സ്നേഹത്തിന്റെ
മഴവില്ലുദിക്കുന്നതും വെയിൽ
ചായുന്നതും സ്വപ്നം കണ്ട് നാം യാത്ര
തുടരുകയാണ് മാറ്റത്തിന്റെ
സമുദ്രനാദം മുഴങ്ങുന്നുണ്ട്
മാനവൻ മാനസാന്തരം കൊണ്ട്
പവിത്രീകരിക്കേണ്ട
സ്നാനഘട്ടമാണിത്
സ്നേഹച്ചിറക് നൽകി തമസ്സിൽ
ജ്യോതിസ്സ് തെളിയാക്കുവാനുള്ള
വിനീതശ്രമമാണ് ഈ പുസ്തകം
ഒപ്പം മഴ നനഞ്ഞവർക്കും
വെയിലിൽ നടന്നവർക്കും
നന്ദി; സ്നേഹം

## ഗവ.എച്ച്.എസ്.മുടപ്പല്ലൂർ- ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. 2018-19



ഉറവ